# ഡിപ്ലോമ പ്രവേശനം 2020-21

**2020-2021 അദ്ധ്യയന വർഷത്തെ പോളിടെക്നിക് കോളേജ് പ്രവേശനത്തിനായി ഇംഗ്ലീഷഭാഷയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രോസ്പക്ടസിൽ പ്രതിപാദിക്കുന്ന പ്രധാന വ്യവസ്ഥകളുടെ പരിഭാഷ മാത്രമാണിത്. മലയാളം പരിഭാഷയുടെ അടിസ്ഥാനത്തിലുള്ള വ്യാഖ്യാനത്തിൽ അഭിപ്രായ ഭിന്നത ഉണ്ടാകുന്ന പക്ഷം ഇംഗ്ലീഷ് വിവരണം ആധികാരികമായി കണക്കാക്കുന്നതാണ്.**

1. **ആമുഖം**

   2020-21 അദ്ധ്യയന വർഷത്തെ ഡിപ്ലോമ പ്രോഗ്രാമിലേക്കുള്ള പ്രവേശനം സംബന്ധിച്ച് കേരള സംസ്ഥാന സർക്കാർ അംഗീകരിച്ച പ്രോസ്പക്ടസ് പ്രസിദ്ധീകരിക്കുന്നു. പ്രവേശനം സംബന്ധിച്ച പൊതു വിവരങ്ങളും നിയമങ്ങളും നിബന്ധനകളും ഇതിൽ ഉൾക്കൊള്ളുന്നു. അപേക്ഷകർ ഈ പ്രോസ്പക്ടസ് ജാഗ്രതയോടെ/ശ്രദ്ധയോടെ വായിക്കുകയും അതിൽ സൂചിപ്പിക്കുന്ന പ്രവേശനം സംബന്ധിച്ച വിവരങ്ങൾ വ്യക്തമായി മനസ്സിലാക്കേണ്ടതുമാണ്. മുൻ വർഷങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രോസ്പക്ടസ് 2020-21 അദ്ധ്യയന വർഷത്തെ പ്രവേശനത്തിന് ബാധകമായിരിക്കുന്നതല്ല.

   സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ള വിവിധങ്ങളായ പോളിടെക്നിക് കോളേജുകളിലും IHRD യുടെ കീഴിലുള്ള പോളിടെക്നിക് കോളേജുകളിലും നടത്തപ്പെടുന്ന 6 സെമസ്റ്റർ കാലാവധിയുള്ള ഡിപ്ലോമ പ്രോഗ്രാം തെരഞ്ഞെടുക്കുന്നതിനും പ്രവേശനത്തിനുള്ള വിശദമായ നിബന്ധനകളും മനദണ്ഡവുമാണ് ഈ പ്രോസ്പക്ടസ് പ്രതിപാദിക്കുന്നത്. പ്രവേശനത്തിനുള്ള യോഗ്യത പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ / ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മെറിറ്റ് മുഗണന നൽകി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് അടിസ്ഥാനത്തിലാണ് പ്രോഗ്രാം പ്രവേശനം ക്രമപ്പെടുത്തിയിരിക്കുന്നത്.

   നിലവിലുള്ള എല്ലാ സംവരണ മാനദണ്ഡങ്ങളും പ്രവേശനത്തിന് ബാധകമായിരിക്കും.

ആവശ്യമായി വരുന്ന പക്ഷം സംസ്ഥാന സർക്കാർ നടത്തിയേക്കാവുന്ന പരിഷ്കാരങ്ങൾക്കും കൂട്ടിച്ചേർക്കലുകൾക്കും ഒഴിവാക്കലുകൾക്കും ഈ പ്രോസ്പക്ടസ് വിധേയമായിരിക്കും. പ്രവേശനത്തിനുള്ള അപേക്ഷ ഓൺലൈൻ ആയാണ് സമർപ്പിക്കേണ്ടത്. താഴെ സൂചിപ്പിക്കുന്ന ഓരോ വിഭാഗം സീറ്റിലേക്കുമുള്ള പ്രവേശനത്തിനു പ്രത്യേക അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫീസും ഓൺലൈനായി തന്നെയാണ് ഒടുക്കേണ്ടത്. ഫീസടയ്ക്കുന്നതോടു കൂടി മാത്രമേ അപേക്ഷ സമർപ്പണം പൂർത്തിയായതായി കണക്കാക്കുകയുള്ളൂ.

i. സർക്കാർ പോളിടെക്നിക് കോളേജ്, സർക്കാർ എയ്ഡഡ് പോളിടെക്നിക് കോളേജ്, സ്വാശ്രയ പോളിടെക്നിക് കോളേജിലെ സർക്കാർ സീറ്റ്, ശ്രവണ വൈകല്യമുള്ള കുട്ടികൾക്കുള്ള പ്രത്യേക ബാച്ച് എന്നിവയിലെ മെറിറ്റ് സീറ്റ് പ്രവേശനം,

ii. എൻ.സി.സി. ക്വോട്ട പ്രവേശനത്തിനുള്ള അപേക്ഷകൾ

iii. സ്പോർട്ട്സ് ക്വോട്ട പ്രവേശനത്തിനുള്ള അപേക്ഷ

എയ്ഡഡ് പോളിടെക്നിക് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്ക് ബന്ധപ്പെട്ട പോളിടെക്നിക് കോളേജിൽ പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.സ്വാശ്രയ സ്ഥാപനങ്ങളിലെ മാനേജ്മെന്റ് സീറ്റുകളിലേക്ക് പ്രവേശനം താല്പര്യപ്പെടുന്നവർ ബന്ധപ്പെട്ട സ്ഥാപനത്തിൽ പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## 2. പ്രോഗ്രാം, സ്ഥാപനങ്ങളും സീറ്റുകളും

2.1 ഡിപ്ലോമ പ്രോഗ്രാമുകൾക്ക് 2 സ്ട്രീം (ധാര) ആണുള്ളത്.

സ്ട്രീം.1- ഡിപ്ലോമ ഇൻ എഞ്ചിനീയറിംഗ്/ ടെക്നോളജി

സ്ട്രീം.2 – ഡിപ്ലോമ ഇൻ കമേഴ്സ്യൽ പ്രാക്ടീസ്, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആന്റ് ബിസിനസ് മാനേജ്മെന്റ്.

2.2 2020-21 അദ്ധ്യയന വർഷം നടത്തുന്ന വിവിധ പ്രോഗ്രാമുകളുടെയും (ബ്രാഞ്ച്), പോളിടെക്നിക് കോളേജുകളുടെയും ലിസ്റ്റ് അനുബന്ധം 1 ൽ (Annexure.I) വിശദമാക്കിയിട്ടുണ്ട്.

2.3 ശ്രവണ വൈകല്യമുള്ള വിദ്യാർഥികൾക്കായി വിമൻസ് പോളിടെക്നിക് കോളേജ് തിരുവനന്തപുരം, ഗവണ്മെന്റ് പോളിടെക്നിക് കോളേജ് കളമശ്ശേരി, കേരള ഗവണ്മെന്റ് പോളിടെക്നിക് കോളേജ് കോഴിക്കോട് എന്നിവിടങ്ങളിൽ പ്രത്യേകം ബാച്ച് നടത്തപ്പെടുന്നതാണ്. 2020-21 അദ്ധ്യയന വർഷം ഈ വിഭാഗത്തിൽ നടത്തപ്പെടുന്ന പ്രോഗ്രാമുകളുടെ ലിസ്റ്റ് അനുബന്ധം -Iൽ (Annexure-I) വിശദീകരിച്ചിരിക്കുന്നു.

### 2.4 സീറ്റുകളുടെ തരം (Categorisation of seats)

2.4.1 **മെറിറ്റ് സീറ്റുകൾ:** സർക്കാർ, സർക്കാർ എയ്ഡഡ്, സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയം, സ്വകാര്യ സ്വാശ്രയ പോളിടെക്നിക് കോളേജുകളിൽ മെറിറ്റ് സീറ്റുകളുണ്ട്. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേർസ് ട്രെയ്നിംഗ് ആന്റ് റിസർച്ച് (SITTTR) കളമശ്ശേരി, കേന്ദ്രീകരിച്ചാണ് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മെറിറ്റ് സീറ്റിലേക്കുള്ള പ്രവേശന നടപടികൾ നടത്തുന്നത്.

2.4.2 **മാനേജ്മെന്റ് സീറ്റുകൾ(എയിഡഡ്):** സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ഒരു ബ്രാഞ്ചിൽ അനുവദിച്ചിരിക്കുന്നതിന്റെ 15% സീറ്റിലേക്ക് പ്രവേശനം നടത്തുന്നതിന് മാനെജ്മെന്റിന് പ്രവേശനം അവകാശമുണ്ട്. 7-ആം നമ്പർ വ്യവസ്ഥ പ്രകാരം യോഗ്യരായ അപേക്ഷകരിൽ നിന്നു മാത്രമേ മാനേജ്മെന്റിന് ഈ വിഭാഗത്തിൽ പ്രവേശനം നടത്താനാവൂ. ഇത്തരം പ്രവേശനം സാങ്കേതിക വിദ്യാഭ്യാസവകുപ്പ് മേഖലാ കാര്യാലയം ജോയിന്റ് ഡയറക്ടറുടേയോ ഡപ്യൂട്ടി ഡയറക്ടർ (ജനറൽ) ന്റേയോ അംഗീകാരത്തിന് വിധേയമായിരിക്കും.

2.4.3 **മാനേജ്മെന്റ് സീറ്റുകൾ (സ്വകാര്യ സ്വാശ്രയ)**: സ്വകാര്യ സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകൾക്ക് ഒരു ബ്രാഞ്ചിൽ അനുവദിച്ചിരിക്കുന്ന മൊത്തം സീറ്റിന്റെ 50% സ്വാശ്രയ കോളേജ് മാനേജ്മെന്റിന് പ്രവേശനം

നടത്താവുന്നതാണ്. പ്രോസ്പക്ടസിലെ 7 ആം നമ്പർ വ്യവസ്ഥ പ്രകാരം യോഗ്യരായ അപേക്ഷകരിൽ നിന്നു മാത്രമേ പ്രവേശനത്തിന് തെരഞ്ഞെടുക്കാൻ പാടുള്ളൂ. പ്രവേശനം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മേഖലാ കാര്യാലയം ജോയിന്റ് ഡയറക്ടറുടേയോ ഡപ്യൂട്ടി ഡയറക്ടർ (ജനറൽ) ന്റേയോ അംഗീകാരത്തിന് വിധേയമായിരിക്കും.

***കുറിപ്പ്: സ്വാശ്രയ പ്രോഗ്രാമുകൾ സ്വാശ്രയ പോളിടെക്നിക് കോളേജുകളിലും ചുരുക്കം എയ്ഡഡ് പോളിടെക്നിക് കോളേജുകളിലും ലഭ്യമാണ്.***

3. **ഡിപ്ലോമ പ്രോഗ്രാമിന്റെ കാലാവധി:** എല്ലാ ഡിപ്ലോമ പ്രോഗ്രാമുകളുടേയും കാലാവധി മൂന്നു വർഷം നീണ്ടുനിൽക്കുന്ന 6 സെമസ്റ്ററുകളായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ടൂൾ ആന്റ് ഡൈ എഞ്ചിനീയറിംഗ് പ്രോഗ്രാമിന് 3 വർഷത്തെ ക്ലാസ്സ് റൂം പഠനം കൂടാതെ 12 മാസം നീണ്ടു നിൽക്കുന്ന നിർബന്ധിത ഇൻ പ്ലാന്റ് ട്രെയിനിംഗ് കൂടെ പ്രോഗ്രാമിന്റെ ഭാഗമായിരിക്കും.

4. **പ്രോസ്പക്ടസും അപേക്ഷാ ഫീസും:** പ്രോസ്പക്ടസ് www.polyadmission.org എന്ന വെബ്ബ് സൈറ്റിൽ നിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ്. അപേക്ഷാഫീസ് 150 രൂപയാണ്. ഇത് ഓൺലൈനായി തന്നെ അപേക്ഷ സമർപ്പിക്കുന്ന മുറക്കു തന്നെ ഒടുക്കേണ്ടതാണ്. (പട്ടികജാതി/ പട്ടികവർഗ്ഗ അപേക്ഷകർക്ക് 75 രൂപ അപേക്ഷാ ഫീസ് മതിയാകുന്നതാണ്)

5. **സീറ്റുകളുടെ സംവരണം:** വ്യത്യസ്ത വിഭാഗങ്ങൾക്കുള്ള പ്രവേശന സംവരണം സംബന്ധിച്ച് അന്യത്ര ചേർക്കുന്നു. പ്രോസ്പക്ടസിലെ 7 ആം നമ്പർ വ്യവസ്ഥ പ്രകാരം യോഗ്യരായ അപേക്ഷകർക്കു മാത്രമേ സംവരണത്തിന്റെ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

5.1 **ശാരിരിക അവശതയനുഭവിക്കുന്നവർക്കുള്ള സംവരണം:** ഓരോ ബ്രാഞ്ച്/പ്രോഗ്രാമിലേയും 5% സീറ്റുകൾ ശാരിരിക അവശതയനുഭവിക്കുന്നവർക്കായി സംവരണം ചെയ്തിരിക്കുന്നു. 2016 ലെ പേഴ്സണൽ വിത്ത് ഡിസെബിലിറ്റീസ് ആക്ടിലെ VI ആം അദ്ധ്യായം 3 ആം വകുപ്പ് പ്രകാരമാണ് സംവരണം അനുവദിച്ചിരിക്കുന്നത്. സംസ്ഥാന സർക്കാർ രൂപീകരിച്ച മെഡിക്കൽ ബോർഡ് 40 ശതമാനത്തിൽ കൂടുതൽ ശാരിരിക അവശതയുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ളവരെ മാത്രമേ ഈ വിഭാഗം സംവരണത്തിന് പരിഗണിക്കുകയുള്ളൂ.

ഈ വിഭാഗം സീറ്റിൽ പ്രവേശനം താൽപര്യപ്പെടുന്ന അപേക്ഷകർ അവശത സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും, ഡിപ്ലോമ പ്രോഗ്രാം പൂർത്തിയാക്കുന്നതിനാവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നു സാക്ഷ്യപ്പെടുത്തുന്ന അനുബന്ധം-XVIIൽ സൂചിപ്പിക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. ഈ വിഭാഗത്തിലുള്ള അപേക്ഷകരുടെ തിരഞ്ഞെടുപ്പ് ശാരീരിക സൗകര്യവും റാങ്കിനെയും അടിസ്ഥാനമാക്കിയായിരിക്കും; അവശതയുടെ അവസ്ഥയെ മാത്രം പരിഗണിച്ചായിരിക്കില്ല.

*കുറിപ്പ്: ഉദാഹരണത്തിന് കാഴ്ചക്കുറവുള്ള അപേക്ഷകൻ സംവരണത്തിനുള്ള അർഹതയ്ക്ക് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയ ഡിസബിലിറ്റി സർട്ടിഫിക്കറ്റും നേത്ര രോഗ വിദഗ്ദൻ സാക്ഷ്യപ്പെടുത്തിയ അനുബന്ധം-XVIIൽ സൂചിപ്പിക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.*

5.2 **THSLC ക്കാർക്കുള്ള സംവരണം:** സ്ക്രീം 1 ൽ പെട്ട എഞ്ചിനീയറിംഗ്, ടെക്നോളജി ബ്രാഞ്ചുകളിലെ 10% സീറ്റുകൾ THSLC കാർക്കായി സംവരണം ചെയ്തിരിക്കുന്നു.

5.3 **VHSE അപേക്ഷകർക്കുള്ള സംവരണം:** ഒരു പ്രോഗ്രാമിൽ ലഭ്യമായ സീറ്റിന്റെ 2%, ചുരുങ്ങിയത് ഒരു സീറ്റെങ്കിലും VHSE പഠനത്തിനു ശേഷം ഉയർന്ന പഠനത്തിന് യോഗ്യത നേടിയിട്ടുള്ളവർക്കായി സംവരണം ചെയ്തിരിക്കുന്നു. VHSE പ്രോഗ്രാം വിഷയങ്ങളായ ചുരുക്കം ഡിപ്ലോമ പ്രോഗ്രാമിൽ മാത്രമേ മേൽ അപേക്ഷകരെ പരിഗണിക്കുകയുള്ളൂ. VHSE പ്രോഗ്രാമുകളും ബന്ധമുള്ളതായി പരിഗണിക്കുന്ന ഡിപ്ലോമ പ്രോഗ്രാമുകളുടേയും പട്ടിക അനുബന്ധം IV -ൽ വിശദീകരിച്ചിട്ടുണ്ട്.

5.4 **പ്രത്യേക സംവരണം:** പ്രത്യേക സംവരണം അനുവദിച്ചിട്ടുള്ളവരെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം V ൽ നൽകിയിട്ടുണ്ട്.

5.4.1 **നാമ നിർദ്ദേശം ചെയ്യപ്പെടുന്നവർക്കുള്ള സംവരണം:** ആന്റമാൻ ആന്റ് നിക്കോബർ ദ്വീപ്, ലക്ഷദ്വീപ് എന്നീ കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുള്ള അപേക്ഷകർക്ക് സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലെ പ്രവേശനം ബന്ധപ്പെട്ട അധികാരികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിലായിരിക്കും. അത്തരം അപേക്ഷകർ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതില്ല.

a. **കേന്ദ്ര ഭരണ പ്രദേശമായ ആന്റമാൻ ആന്റ് നിക്കോബർ ദ്വീപുകളിൽ നിന്നുള്ള നാമ നിർദ്ദേശം[AN]:** ആന്റമാൻ ആന്റ് നിക്കോബർ ദ്വീപു നിവാസികളായ അപേക്ഷകരുടെ സംവരണ സീറ്റുകളിലേക്കുള്ള അപേക്ഷ ദ്വീപ് അഡ്മിൻസ്ട്രേഷനാണ് ശുപാർശ ചെയ്യേണ്ടത്. ഇത്തരം അപേക്ഷകർ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതില്ല.

b. **ലക്ഷദ്വീപ് നിവാസികൾക്കുള്ള സംവരണം[LD]:** സംവരണ സീറ്റിലേക്ക് നാമ നിർദ്ദേശം ചെയ്യേണ്ടത് ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷൻ ആണ്.

5.4.2 **വിമുക്ത ഭടന്മാരുടെ മക്കൾക്കുള്ള സംവരണം[XS]:** കേരളത്തിൽ നിന്നുള്ള വിമുക്ത ഭടന്മാരുടെ മക്കൾക്കുള്ള സംവരണ സീറ്റിലേക്കായി അപേക്ഷിക്കുന്നവർ ജില്ലാ സൈനിക ക്ഷേമ ആഫീസറോ സൈനിക അധികാരികളോ ചുമതലപ്പെടുത്തിയിട്ടുള്ള മറ്റധികാരികളോ അനുവദിച്ച ഡിസ്ചാർജ് സർട്ടിഫിക്കറ്റ് നിർബന്ധമായും ഹജരാക്കേണ്ടതാണ്. വിശദ വിവരങ്ങൾക്ക് അനുബന്ധം VIII കാണുക.

5.4.3 **കാണാതാവുകയോ വധിക്കപ്പെടുകയോ അംഗ വൈകല്യം സംഭവിക്കുകയോ ചെയ്ത സൈനീക ഉദ്യോഗസ്ഥന്റെ ആശ്രിതർ[DK]:** സൈനിക പ്രവർത്തനത്തിനിടയിൽ വധിക്കപ്പെടുകയോ കാണാതാവുകയോ അശക്തനാക്കപ്പെടുകയോ ചെയ്ത സൈനികന്റെ മക്കൾക്കോ വിധവക്കോ തിരഞ്ഞെടുക്കപ്പെട്ട പോളിടെക്നിക് കോളേജുകളിൽ ഒരു സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. അപേക്ഷകർ ഇത് സംബന്ധിച്ച് സൈനിക അധികാരികളോ ജില്ലാ സൈനിക ക്ഷേമ ആഫീസറോ

ചുമതലപ്പെടുത്തിയിട്ടുള്ള മറ്റുദ്യോഗസ്ഥരോ പുറപ്പെടുവിച്ച അനുബന്ധം VIII ൽ നൽകിയിരിക്കുന്ന ഫോർമാറ്റിൽ തയ്യാറാക്കിയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. അശക്തനാക്കപ്പെട്ട സൈനികന്റെ കാര്യത്തിൽ ഈ വ്യക്തി ഡിസബിലിറ്റി പെൻഷൻ സ്വീകരിക്കുന്നുണ്ടെന്ന വിവരം കൂടെ രേഖപ്പെടുത്തേണ്ടതാണ്.

5.4.4 സർവ്വീസിലുള്ള സൈനികന്റെ മക്കൾക്ക്[SD]: നിലവിൽ ഇന്ത്യൻ സൈന്യത്തിൽ ജോലി ചെയ്യുന്ന കേരളീയരുടെ മക്കൾക്കുള്ള സംവരണ സീറ്റിനപേക്ഷിക്കുന്നവർ അനുബന്ധം IX ഫോർമാറ്റിൽ തയ്യാറാക്കിയ സൈനിക അധികാരികൾ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. മറ്റാവശ്യങ്ങൾക്കുവേണ്ടി ലഭിച്ച സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതല്ല.

5.4.5 **CRPF ജീവനക്കാരുടെ മക്കൾക്കുള്ള സംവരണം[CP]::** സി.ആർ.പി.എഫ്-ൽ ജോലി ചെയ്യുന്ന കേരളീയരുടെ മക്കൾക്കുള്ള സംവരണ സീറ്റിന് അപേക്ഷിക്കുന്നവർ അനുബന്ധം X ഫോർമാറ്റിൽ ചുമതലപ്പെട്ട കമാന്റിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

5.4.6 **ആംഗ്ലോ – ഇന്ത്യൻ സമുദായം[AI]:** : ആംഗ്ലോ – ഇന്ത്യൻ സമുദായത്തിനുള്ള സംവരണ സീറ്റിനപേക്ഷിക്കുന്നവർ വില്ലേജാഫീസറോ തഹസിൽദാരോ അപേക്ഷകൻ മേൽ സമുദായത്തിൽപ്പെട്ടയാളാണെന്നും നോൺ ക്രീമിലെയർ വിഭാഗത്തിൽ പെടുന്നുവെന്നും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

5.4.7 **ടെക്സ്റ്റൈൽ ടെക്നോളജി സർട്ടിഫിക്കറ്റ് യോഗ്യത[TX]::** ടെക്സ്റ്റൈൽ ടെക്നോളജി പ്രോഗ്രാമിൽ ചുരുക്കം ഒഴിവുകൾ സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ അംഗീകരിച്ച ടെക്സ്റ്റൈൽ ടെക്നോളജി സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർക്കായി സംവരണം ചെയ്തിരിക്കുന്നു.

5.4.8 **ഭിന്ന ലിംഗക്കാർക്കുള്ള സംവരണം[TG]:** : സർക്കാർ പോളിടെക്നിക്ക് കോളേജ്, കളമശ്ശേരിയിൽ നടത്തുന്ന ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിൽ ഒരു സീറ്റ് ഭിന്ന ലിംഗക്കാർക്കായി സംവരണം ചെയ്തിരിക്കുന്നു. ഇതിനായി ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ടും ഭിന്നലിംഗമാണ് എന്ന് തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റും കോളേജ് പ്രിൻസിപ്പാൾ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

5.4.9 **മോട്ടോർ വാഹന വകുപ്പ് നാമ നിർദ്ദേശം[MD]::** ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിൽ ചുരുക്കം സീറ്റുകൾ കേരള മോട്ടോർ വാഹന വകുപ്പിലെ സ്ഥിരം ജീവനക്കാർക്ക്, അവർ നിബന്ധന 7 പ്രകാരം യോഗ്യരാണെങ്കിൽ സംവരണം ചെയ്തിട്ടുണ്ട്. ഇതിനുള്ള നാമനിർദ്ദേശവും അപേക്ഷയും മോട്ടോർ വാഹന വകുപ്പ് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് കൈമാറുന്നതാണ്. ഈ വിഭാഗം സീറ്റുകളുടെ വിശദവിവരം അറിയുന്നതിന് അനുബന്ധം V പരിശോധിക്കുക. ഈ വിഭാഗം അപേക്ഷകർ ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതില്ല. മറിച്ച് ബന്ധപ്പെട്ട അധികാരികളെ സമീപിക്കേണ്ടതാണ്.

*കുറിപ്പ്: നിബന്ധന 5.4.2 മുതൽ 5.4.8 വരെ വിഭാഗം സീറ്റിൽ അപേക്ഷിക്കുന്നവർ ഓൺലൈൻ പാത സ്വീകരിക്കേണ്ടതാണ്.*

5.4.10 **സ്പോർട്ട്സ് ക്വോട്ട[SP]::** സ്പോർട്ട്സ് ക്വോട്ട സംവരണ സീറ്റിലേക്ക് നാമ നിർദ്ദേശം നടത്തുന്നത് കേരള സ്പോർട്ട്സ് കൗൺസിലാണ്. ഈ വിഭാഗം സീറ്റിലേക്ക് അപേക്ഷിക്കുന്നവർ അഡ്മിഷൻ വെബ്ബ് സൈറ്റിലെ ''സ്പോർട്ട്സ് ക്വോട്ട'' ലിങ്ക് വഴി ഓൺലൈനായി അപേക്ഷയും ഫീസും സമർപ്പിക്കണം. അപേക്ഷയുടെ പ്രിന്റൗട്ടും സ്വയം സാക്ഷ്യപ്പെടുത്തിയ പ്രസക്തമായ സർട്ടിഫിക്കറ്റുകളുടെ പകർപ്പും അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിക്കു മുൻപായി കിട്ടത്തക്കവിധം സെക്രട്ടറി, കേരള സ്പോർട്ട്സ് കൗൺസിൽ, തിരുവനന്തപുരം.695001 എന്ന വിലാസത്തിൽ എത്തിച്ചു കൊടുക്കേണ്ടതാണ്. സ്പോർട്ട്സ് കൗൺസിൽ തയ്യാറാക്കുന്ന ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുന്ന അപേക്ഷകർ തിരുവനന്തപുരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിൽ വച്ചു നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കേണ്ടതാണ്. അഭിമുഖത്തിൽ പങ്കെടുക്കാത്തവരെ തുടർ നടപടികൾക്ക് പരിഗണിക്കുന്നതല്ല. സ്പോർട്ട്സ് ക്വോട്ടയിലെ അപേക്ഷകരെ പൊതു വിഭാഗം അപേക്ഷകരോടൊപ്പം പരിഗണിക്കുന്നതല്ല. പൊതു വിഭാഗത്തിൽ പരിഗണിക്കാൻ താല്പര്യപ്പെടുന്നുവെങ്കിൽ ആയതിന് പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

5.4.11 **എൻ.സി.സി. ക്വോട്ട[CC]::** എൻ.സി.സി. കാഡറ്റ്സിനായി സംവരണം ചെയ്തിരിക്കുന്ന സീറ്റിലേക്ക് അപേക്ഷിക്കുന്നവർ, അഡ്മിഷൻ വെബ്ബ് സൈറ്റിൽ ''NCC Quota'' ലിങ്ക് വഴി ഓൺലൈനായി അപേക്ഷയും ഫീസും സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ പ്രിന്റ് ഔട്ടും സ്വയം സാക്ഷ്യപ്പെടുത്തിയ പ്രസക്തമായ സർട്ടിഫിക്കറ്റുകളുടെ കോപ്പിയും എൻ.സി.സി. ഡയറക്ടറേറ്റ് ( കേരള & ലക്ഷദ്വീപ്) പി.ബി. നം.2212, തിരുവനന്തപുരം. എന്ന വിലാസത്തിൽ ബന്ധപ്പെട്ട യൂണിറ്റ് ഓഫീസർ വഴി അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതിക്ക് മുൻപായി എത്തിക്കേണ്ടതാണ്. എൻ.സി.സി.ഡയറക്ടറേറ്റ് ഓരോ അപേക്ഷകന്റെയും എൻ.സി.സി. മികവ് നിർണ്ണയിക്കുകയും ആനുപാതികമായി മാർക്കും നൽകുന്നതാണ്. ഈ മാർക്കും അപേക്ഷകരുടെ ലിസ്റ്റും എൻ.സി.സി.ഡപ്യൂട്ടി ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറുന്നതാണ്. ഈ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അപേക്ഷകരെ തിരുവനന്തപുരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ വച്ച് നടക്കുന്ന അഭിമുഖത്തിന് ക്ഷണിക്കുന്നതാണ്. അഭിമുഖത്തിൽ പങ്കെടുക്കാത്തവരെ തുടർ നടപടികൾക്ക് പരിഗണിക്കുന്നതല്ല. എൻ.സി.സി. മികവിന് ലഭിച്ച മാർക്കിന്റെയും യോഗ്യത പരീക്ഷയിൽ ലഭിച്ച മാർക്കിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നാണ് പ്രവേശനത്തിന് തെരഞ്ഞെടുക്കുന്നത്. ഏതെങ്കിലും കാരണവശാൽ ഒന്നിൽ കൂടുതൽ അപേക്ഷകർക്ക് ഇൻഡക്സ് മാർക്ക് വരുകയാണെങ്കിൽ പൊതു ലിസ്റ്റ് തയ്യാറാക്കുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡം അനുസരിച്ച് തീരുമാനമെടുക്കുന്നതായിരിക്കും.

എൻ.സി.സി.ക്വോട്ട അപേക്ഷകരെ പൊതു വിഭാഗത്തിൽ പരിഗണിക്കുന്നതല്ല. പൊതു വിഭാഗത്തിൽ പരിഗണിക്കാൻ താല്പര്യപ്പെടുന്നുവെങ്കിൽ ആയതിന് പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

5.4.12 **അനാഥ കുട്ടികൾക്കുള്ള ക്വോട്ട[OR]:** : അനാഥ കുട്ടികൾക്ക് സംവരണം ചെയ്ത സീറ്റിലേക്ക് അപേക്ഷിക്കുന്നവർ അനുബന്ധം XI ൽ നൽകിയിരിക്കുന്ന ഫോർമാറ്റിൽ തയ്യാറാക്കിയ സർട്ടിഫിക്കറ്റ് രജിസ്റ്റേർഡ് ഓർഫനേജിൽ നിന്ന് വാങ്ങി ജില്ല സാമൂഹ്യ നീതി ഓഫീസറെക്കൊണ്ട് മേലൊപ്പ് ചാർത്തി സമർപ്പിക്കേണ്ടതാണ്.

***കുറിപ്പ്: 5.4 ൽ വിവരിക്കുന്ന സംവരണ സീറ്റിലേക്ക് യോഗ്യതയുള്ള അപേക്ഷകരില്ലെങ്കിൽ മേൽ സീറ്റുകൾ മെറിറ്റ് സീറ്റിൽ നിന്ന് പ്രവേശനത്തിനായി പരിഗണിക്കുന്നതായിരിക്കും.***

**5.5 സ്പെഷ്യൽ സ്കീം:** ഈ സ്കീം പ്രകാരമുള്ള പ്രവേശന നടപടികൾ അതത് സ്ഥാപനങ്ങളിൽ തന്നെ നടത്തേണ്ടതാണ്. പ്രസ്തുത സ്കീമിലെ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന്റെ യോഗ്യതാ മാനദണ്ഡങ്ങൾ (Clause 7 ൽ പറഞ്ഞിരിക്കുന്ന യോഗ്യതാ മാനദണ്ഡങ്ങൾ കൂടാതെ) അനുബന്ധം XVIII ൽ പറയുന്നത് പ്രകാരമായിരിക്കും.

5.5.1 **ശ്രവണ വൈകല്യമുള്ളവർക്കു വേണ്ടി പ്രത്യേക ബാച്ച്[HI]::** ഗവ. വനിത പോളിടെക്നിക് കോളേജ്, തിരുവനന്തപുരം., ഗവണ്മെന്റ് പോളിടെക്നിക് കോളേജ്, കളമശ്ശേരി., കേരള ഗവ. പോളിടെക്നിക് കോളേജ്, കോഴിക്കോട്., എന്നിവിടങ്ങളിൽ ശ്രവണ വൈകല്യമുള്ള വിദ്യാർത്ഥികൾക്കായി പ്രത്യേക ബാച്ച് നടത്തുന്നതാണ്. അപേക്ഷകന്റെ ഇൻഡക്സ് മാർക്ക് അടിസ്ഥാനമാക്കിയായിരിക്കും പ്രവേശനത്തിന് തെരഞ്ഞെടുക്കുക, വൈകല്യത്തിന്റെ അവസ്ഥ മാനദണ്ഡമാകുന്നതല്ല.

5.5.2 **വിഭിന്ന ശേഷി അപേക്ഷകർ [PWD Scheme] :** നിബന്ധന 5.1ൽ വിവരിക്കുന്ന ശാരീരിക അവശതയനുഭവിക്കുന്നവർക്കുള്ള സംവരണ സീറ്റുകൾ കൂടാതെ ഗവണ്മെന്റ് പോളിടെക്നിക് കോളേജ് കോട്ടയം, ശ്രീരാമ ഗവണ്മെന്റ് പോളിടെക്നിക് കോളേജ് തൃപ്രയാർ എന്നിവിടങ്ങളിൽ വിഭിന്ന ശേഷി അപേക്ഷകർക്കായി ഏതാനും ഒഴിവുകൾ നീക്കിവച്ചിട്ടുണ്ട്. ഈ വിഭാഗം സീറ്റുകളുടെ എണ്ണം ബന്ധപ്പെട്ട സ്ഥാപനം പ്രസിദ്ധീകരിക്കുന്നതാണ്.

5.6 **സീറ്റുകളുടെ അലോട്ട്മെന്റ്** : സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിലെയും സ്വാശ്രയ സ്ഥാപനങ്ങളിലെയും മാനേജ്മെന്റ് സീറ്റുകളും നിബന്ധന 5.1 മുതൽ 5.5 വരെയുള്ള സംവരണ സീറ്റുകളും കഴിച്ചുള്ള സീറ്റുകൾ G.O(P) 208/66/Edn dt 2.5.1966, G.O (MS) No. 95/08/SCSTDD Dated.06/10/2008 and GO(Ms) No: 10/2014/BCDD dt 23/05/2014 പ്രകാരവും മേൽ ഉത്തരവുകൾക്ക് കാലാകാലങ്ങളായിട്ടുണ്ടായിട്ടുള്ള പരിഷ്കരണങ്ങളുടെയും അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതാണ്.

5.6.1 **ഓപ്പൺ മെറിറ്റ് പ്രവേശനം:** 60% സീറ്റുകൾ മെറിറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും പ്രവേശനം നൽകുക. സമുദായമോ വിഭാഗമോ പരിഗണിക്കുന്നതല്ല.

5.6.2 **40% സീറ്റുകൾ പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കും, സാമൂഹ്യവും വിദ്യാഭ്യാസപരവുമായും പിന്നോക്കം നിൽക്കുന്നവർക്കുമായി താഴെ വിവരിക്കുന്ന വിധത്തിൽ സംവരണം ചെയ്തിരിക്കുന്നു.**

| ക്രമ നമ്പർ | വിഭാഗം | കോഡ് | %-സീറ്റ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഈഴവ | EZ | 9 |
| 2 | മുസ്ലീം | MU | 8 |
| 3 | മറ്റു പിന്നോക്ക ഹിന്ദുക്കൾ | BH | 3 |
| 4 | ലത്തീൻ കത്തോലിക്കരും ആംഗ്ലോ-ഇന്ത്യൻസും | LA | 3 |
| 5 | ധീവരരും ബന്ധപ്പെട്ട സമുദായങ്ങളും | DV | 2 |
| 6 | വിശ്വകർമ്മയും ബന്ധപ്പെട്ട സമുദായങ്ങളും | VK | 2 |
| 7 | കുശവരും ബന്ധപ്പെട്ട സമുദായങ്ങളും | KV | 1 |
| 8 | മറ്റു പിന്നോക്ക ക്രിസ്ത്യാനികൾ | OX | 1 |
| 9 | കുടുംബി | KU | 1 |
| 10 | പട്ടികജാതി | SC | 8 |
| 11 | പട്ടികവർഗ്ഗം | ST | 2 |
| | **മൊത്തം** | 40% | |

a. SEBC വിഭാഗത്തിൽ പെടുന്ന അപേക്ഷകർ സംവരണാവകാശം ഉറപ്പാക്കുന്നതിന് സാധുതയുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം താഴെ സൂചിപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കാവുന്നതാണ്.
   1. വില്ലേജ് ഓഫീസർ നൽകുന്ന സാധുതയുള്ള ജാതി സർട്ടിഫിക്കറ്റ്
   2. കുടുംബത്തിന്റെ വാർഷിക വരുമാനം 8,00,000/- രൂപയോ അതിൽ താഴെയാണെന്ന് വില്ലേജ് ഓഫീസർ നൽകുന്ന സാധുതയുള്ള സാക്ഷ്യപത്രം.

b. SEBC വിഭാഗത്തിൽ പെടുന്ന വിവിധ ജാതി/സമുദായങ്ങളുടെ പട്ടിക അനുബന്ധം VI ൽ വിവരിച്ചിരിക്കുന്നു.

c. മിശ്ര വിവാഹിതരായ ദമ്പതികളുടെ മക്കൾക്കുള്ള സംവരണം: അച്ഛനോ അമ്മയോ ആരെങ്കിലുമൊരാൾ SEBC വിഭാഗത്തിൽ പെട്ട സമുദായാംഗമാണെങ്കിൽ സംവരണത്തിന് വകാശമുണ്ടായിരിക്കും. അത്തരം അപേക്ഷകർ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ മിശ്ര വിവാഹ സർട്ടിഫിക്കറ്റും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും ഹാജരാക്കണം. അച്ഛനും അമ്മയും SEBC യിൽ പെട്ട വ്യത്യസ്ത സമുദായാംഗങ്ങളാണെങ്കിൽ അപേക്ഷകന് മാതാ പിതാക്കളുടെ സമുദായത്തിലെ ഏതെങ്കിലും ഒരു സമുദായത്തിനുള്ള സംവരണം മാത്രമേ അവകാശപ്പെടാനാകൂ. ഉദാഹരണത്തിന് ഈഴവ-മുസ്ലീം ദമ്പതിമാരുടെ മക്കൾക്ക് ഒന്നുകിൽ ഈഴവ സമുദായത്തിനോ അതല്ലെങ്കിൽ മുസ്ലീം സമുദായത്തിനോ ബാധകമായിട്ടുള്ള സംവരണം മാത്രമെ അവകാശപ്പെടാനാവൂ. രണ്ട് സമുദായത്തിന്റെയും സംവരണം അവകാശപ്പെടാവുന്നതല്ല. സംവരണം അവകാശപ്പെടുന്ന സമുദായത്തിന്റെ പേര് അപേക്ഷയിൽ വ്യക്തമാക്കിയിരിക്കണം. ഒരിക്കൽ സ്വീകരിച്ച സമുദായം പിന്നീട് മാറ്റുവാൻ അനുവദിക്കുന്നതല്ല.

d. മിശ്ര വിവാഹിതരായ ദമ്പതികളിലൊരാൾ പട്ടികജാതിയോ പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടതാണെങ്കിൽ മക്കൾക്ക് SC/ST വിഭാഗത്തിൽ പെടുന്നവർക്ക് അർഹതപ്പെട്ട വിദ്യാഭ്യാസ സാമ്പത്തിക ആനുകൂല്യങ്ങൾക്ക് യോഗ്യതയുള്ളതായി കണക്കാക്കും. റവന്യൂ അധികാരികൾ പുറപ്പെടുവിച്ച വിവാഹ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന സമുദായത്തിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യങ്ങൾക്കായി പരിഗണിക്കുന്നത്.

e. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗം സംവരണ സീറ്റിനപേക്ഷിക്കുന്നവർ തഹസിൽദാർ സാക്ഷ്യപ്പെടുത്തിയ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്ന ജാതിയുടെയും സമുദായങ്ങളുടെയും പട്ടികക്ക് അനുബന്ധം VI പരിശോധിക്കേണ്ടതാണ്.

5.7 **സംവരണത്തിനുള്ള പൊതു നിബന്ധനകൾ**

5.7.1 പട്ടികജാതി അപേക്ഷകരില്ലെങ്കിൽ അവർക്കുവേണ്ടി സംവരണം ചെയ്ത സീറ്റുകൾ പട്ടികവർഗ്ഗക്കാർക്കും പട്ടികവർഗ്ഗക്കാർ ഇല്ലെങ്കിൽ പട്ടികജാതിക്കാർക്കും അലോട്ട് ചെയ്യുന്നതായിരിക്കും.

5.7.2 പട്ടികജാതി/പട്ടികവർഗ്ഗ അപേക്ഷകരില്ലെങ്കിൽ സംവരണ സീറ്റുകൾ അനുബന്ധമായി ചേർത്തിരിക്കുന്ന ജി.ഒ.(എം.എസ്) നമ്പർ 14/207 തീയതി 02.08.2017 ൽ ലിസ്റ്റ് ചെയ്തിരിക്കുന്ന മറ്റു പിന്നോക്ക സമുദായത്തിൽ പെട്ട അപേക്ഷകരെ പരിഗണിക്കുന്നതാണ്. എന്നിട്ടും സീറ്റുകൾ ഒഴിഞ്ഞു കിടക്കുകയാണെങ്കിൽ അവ മെറിറ്റ് വിഭാഗത്തിലേക്ക് മാറ്റി വയ്ക്കുന്നതാണ്.

5.7.3 നിബന്ധന 5.1 മുതൽ 5.4 വരെയുള്ള സംവരണ സീറ്റുകളിലേക്ക് അപേക്ഷകരില്ലെങ്കിൽ ആയത് മെറിറ്റ് ക്വാട്ടയിൽ നിന്ന് പ്രവേശനത്തിന് പരിഗണിക്കും.

5.7.4 പട്ടികജാതി/പട്ടികവർഗ്ഗ അപേക്ഷകരുടെ പ്രവേശനം താൽക്കാലികവും KIRTADS ന്റെ സൂക്ഷ്മപരിശോധനയ്ക്കും സ്ഥിരീകരണത്തിനു വിധേയമായിരിക്കും. സംവരണ സീറ്റിനുള്ള അവകാശ വാദം പിന്നിടെപ്പോഴെങ്കിലും തെറ്റാണെന്ന് തെളിയിക്കപ്പെട്ടാൽ പ്രവേശനം റദ്ദു ചെയ്യുകയും അപേക്ഷകനെതിരെ ക്രിമിനൽ നടപടി സ്വീകരിക്കുന്നതുമായിരിക്കും.

6 **പ്രത്യേക പദ്ധതി പ്രകാരമുള്ള സീറ്റുകൾ**

6.1 ട്യൂഷൻ ഫീ വേവർ സ്കീം (AICTE Scheme) സീറ്റുകൾ. എല്ലാ പ്രോഗ്രാമിലും അനുമതി പ്രകാരമുള്ള സീറ്റുകൾക്കു അധികമായി 5% സീറ്റുകൾ ട്യൂഷൻ ഫീ വേവർ പദ്ധതി പ്രകാരം, വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങളിൽ നിന്നും വരുന്ന അപേക്ഷകർക്ക് നൽകുന്നതാണ്. ജാതി വ്യത്യാസമില്ലാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിൽപെടുന്നവർക്കുവേണ്ടിയുള്ള ഈ പദ്ധതി പ്രകാരമുള്ള പ്രവേശനം മെറിറ്റ് അടിസ്ഥാനത്തിലായിരിക്കും. ഈ പദ്ധതി പ്രകാരമുള്ള സീറ്റുകളിൽ പ്രവേശനം താല്പര്യപ്പെടുന്ന അപേക്ഷകർ ഇക്കാര്യം ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ വ്യക്തമാക്കേണ്ടതാണ്. കുടുംബത്തിന്റെ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെയാണെന്ന് ബന്ധപ്പെട്ട അധികാരികൾ

സാക്ഷ്യപ്പെടുത്തിയ അസ്സൽ സർട്ടിഫിക്കറ്റ് പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്.

ട്യൂഷൻ ഫീ വേവർ പദ്ധതി പ്രകാരം പ്രവേശനം നേടിയ വിദ്യാർത്ഥി ഉയർന്ന ഓപ്ഷൻ വഴി മറ്റൊരു പദ്ധതി പ്രകാരമുള്ള പ്രോഗ്രാമിൽ പ്രവേശനം നേടുകയാണെങ്കിൽ പ്രസ്തുത പദ്ധതിയിൽ പ്രാബല്യത്തിലുള്ള ട്യൂഷൻ ഫീ അടക്കേണ്ടതാണ്.

6.2 **EWS സംവരണം (As per G.O (MS)52/2019/GAD dtd Tvpm 14.03.2019 ):**

അനുമതി പ്രകാരമുള്ള സീറ്റുകൾക്കു അധികമായി 10% സീറ്റുകൾ സാമ്പത്തികമായി ദുർബലരായ ജാതി സംവരണത്തിനർഹതയില്ലാത്തവർക്കായി സംവരണം ചെയ്തിരിക്കുന്നു. പ്രസ്തുത സംവരണം അവകാശപ്പെടുന്നതിനായി അനുബന്ധം XVI ൽ വിവരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

## 7. പ്രവേശനത്തിനുള്ള യോഗ്യത:

7.1.a. അപേക്ഷകർ ഇന്ത്യൻ പൗരനായിരിക്കണം

b. അപേക്ഷകൻ കേരളത്തിൽ ജനിച്ചവനാകണം. അല്ലെങ്കിൽ പ്രവേശന യോഗ്യത പരീക്ഷ കേരളത്തിലെ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥപനങ്ങളിൽ നിന്നായിരിക്കണം പാസ്സായത്. അതുമല്ലെങ്കിൽ രക്ഷാകർത്താവ് കേരള സംസ്ഥാനത്തെ കേരള/കേന്ദ്ര സർക്കാർ/പൊതുമേഖല/അർദ്ധ സർക്കാർ സ്ഥാപനത്തിലെ ജീവനക്കാരനായിരിക്കണം.

c. അപേക്ഷകർ എസ്.എസ്.എൽ.സി/ടി.എച്ച്.എസ്.എൽ.സി തത്തുല്യ പരീക്ഷ ഉന്നത വിദ്യാഭ്യാസത്തിനുള്ള യോഗ്യതയോടെ പാസ്സായിരിക്കണം.

*കുറിപ്പ്: 1. കണക്ക്, ഇംഗ്ലീഷ്, സയൻസ് എന്നീ വിഷയങ്ങളോടെ യോഗ്യത പരീക്ഷ പാസ്സായവർക്ക് സ്കീം-1 ലും 2-ലും അപേക്ഷ സമർപ്പിക്കാൻ അർഹതയുണ്ട്.*

*2. കണക്ക്, ഇംഗ്ലീഷ് വിഷയങ്ങളോടെ യോഗ്യത പരീക്ഷ പാസ്സായവർക്ക് സ്കീം.2 ൽ മാത്രം അപേക്ഷ സമർപ്പിക്കാവുന്നതാണ്.*

7.2 യോഗ്യത പരീക്ഷ ഉന്നത വിദ്യാഭ്യാസത്തിനുള്ള അർഹതയോടെ പാസ്സാകുന്നതിന് 2 ൽ കൂടുതൽ അവസരങ്ങൾ ഉപയോഗിച്ചവർ അപേക്ഷിക്കുന്നതിന് അയോഗ്യരാണ്. ബെറ്റർമെന്റ്, സേ പരീക്ഷകൾ പ്രത്യേക അവസരമായി കണക്കാക്കുന്നതല്ല.

7.3 സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ./ഓപ്പൺ സ്കൂൾ അപേക്ഷകർക്ക് യോഗ്യതാ പരീക്ഷയിൽ സയൻസ് വിഷയങ്ങളിൽ ലഭിച്ച മാർക്ക് / ഗ്രേഡ് ഫിസിക്സ്, കെമിസ്ട്രി വിഷയത്തിന്റെ സ്ഥാനത്ത് പരിഗണിക്കുന്നതായിരിക്കും. 10/03/2019 ലെ സർക്കുലർ നമ്പർ Acad 03/2019 മുഖേന സി.ബി.എസ്.ഇ തന്നെ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം Mathematics-Standard പാസ്സായിട്ടുള്ളവർക്കു മാത്രമേ സ്കീം-1 ലും 2-ലും അപേക്ഷ സമർപ്പിക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളു.

*കുറിപ്പ്: CBSE അപേക്ഷകരുടെ Board Examination Certificate മാത്രമേ യോഗ്യതാ പരീക്ഷയുടെ തുല്യതയായി പരിഗണിക്കുകയുള്ളു. അത്തരം അപേക്ഷകർ അനുബന്ധം **XIV** ൽ വിശദീകരിക്കുന്ന പ്രകാരമുള്ള സത്യപ്രസ്താവന പ്രവേശന സമയത്തും ആയതിന്റെ കോപ്പി*

*അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. 2010-18 കാലയളവിൽ CBSE Xth Class പാസ്സയവർക്കു മാത്രമേ ഈ സത്യപ്രസ്താവന ബാധകമാവൂ.*

7.4 60 db യോ അതിലധികമോ ശ്രവണ വൈകല്യം മെച്ചപ്പെട്ട ചെവിയിൽ ബാധിച്ചവർക്ക് ശ്രവണ വൈകല്യമുള്ളവർക്കുള്ള പ്രത്യേക ബാച്ച് പ്രവേശനത്തിന് അപേക്ഷിക്കാവുന്നതാണ്. ഈ അപേക്ഷകർ യോഗ്യതാ പരീക്ഷ ഉന്നത വിദ്യാഭ്യാസത്തിനുള്ള അർഹതയോടെ പൂർത്തിയാക്കിയിരിക്കണം.

8. **പൊതു നിബന്ധനകൾ**:

8.1 പ്രോസ്പക്ടസിൽ വിശദീകരിക്കുന്നത് പ്രകാരം തന്നെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

8.2 അപേക്ഷകരുടെ ഇൻഡക്സ് മാർക്ക് അടിസ്ഥാനത്തിലാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. ലഭ്യമായ റാങ്ക്, ബാധകമായ സംവരണം, തെരഞ്ഞെടുത്ത ഓപ്ഷൻ എന്നീ മൂന്നു ഘടകങ്ങളിൽ അടിസ്ഥാനമാക്കിയാണ് അലോട്ട്മെന്റ് ലിസ്റ്റ് തയ്യാറാക്കുന്നത്.

8.3 മൂന്ന് അലോട്ട്മെന്റിലും ആവശ്യമുള്ളതിനേക്കാൾ നിശ്ചിത ശതമാനം അധിക അപേക്ഷകരെ ലിസ്റ്റ് ചെയ്യുന്നതായിരിക്കും. ഇത് പ്രവേശന നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ടിയാണ്. ആയതിനാൽ ലിസ്റ്റിൽ പേരുള്ളതുകൊണ്ടുമാത്രം പ്രവേശനം ഉറപ്പ് നൽകുന്നില്ല.

8.4 രണ്ടാമത്തെ അവസരത്തിൽ മാത്രം യോഗ്യതാ പരീക്ഷ ഉന്നത വിദ്യാഭ്യാസത്തിന് അർഹതയോടെ വിജയിച്ചവരിൽ നിന്ന് 0.5 പോയന്റ് പീനൽ പോയിന്റിനായി റാങ്ക് കണക്കാക്കുമ്പോൾ കുറവു ചെയ്യുന്നതാണ്.

8.5 പാലക്കാട്, മലപ്പുറം, വയനാട്, കാസറഗോഡ് എന്നീ ആസ്പിരേഷൻ ജില്ലകളിൽ നിന്നും വരുന്ന അപേക്ഷകർക്ക് 0.5 പോയിന്റ് ബോണസ്സ് പോയിന്റ് ആയി മേൽ ജില്ലകളിലെ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിന് പരിഗണിക്കും. VIII, IX, X ക്ലാസ്സുകൾ മേൽ ജില്ലകളിലെ സ്ഥാപനങ്ങളിൽ പൂർത്തീകരിച്ചും യോഗ്യത നേടിയവർക്കും മേൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കും.

8.6 ടോട്ടൽ ഗ്രേഡ് പോയിന്റ് ആവറേജിൽ (TGPA) നിന്ന് ബാധകമായ പീനൽ പോയിന്റ് കുറയ്ക്കുകയും ബോണസ്സ് പോയിന്റ് കൂട്ടുകയും ചെയ്തുകൊണ്ടാണ് ഇൻഡക്സ് സ്കോർ കണക്കാക്കുന്നത്.

8.7 നിലവിലെ ഡിപ്ലോമ പ്രോഗ്രാം വിദ്യാർത്ഥികൾക്ക് പുതുതായി ഡിപ്ലോമ പ്രവേശനത്തിന് അപേക്ഷിക്കാവുന്നതാണ്. എന്നാൽ അവസാന വർഷ ഡിപ്ലോമ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ഇതിനർഹത ഉണ്ടായിരിക്കുന്നതല്ല. ഇത്തരം അപേക്ഷകരെ പ്രവേശനത്തിന് തെരഞ്ഞെടുക്കുകയാണെങ്കിൽ ഒന്നാം സെമസ്റ്റർ മുതൽ പഠനം ആരംഭിക്കേണ്ടതാണ്. യാതൊരു വിധ ഒഴിവാക്കലുകളും അനുവദിക്കുന്നതല്ല.

**8.8 യൂണിഫോം:**

ആൺകുട്ടികൾ: ഗോൾഡൻ മഞ്ഞ ഹാഫ് സ്ലീവ് ഷർട്ടും കറുത്ത പാന്റ്സും

പെൺകുട്ടികൾ : കറുത്ത ചുരിദാർ, ഗോൾഡൻ മഞ്ഞ ടോപ്പും കറുത്ത വേയ്സ്റ്റ് കോട്ടും.

സ്വാശ്രയ പോളിടെക്നിക് കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ പോളിടെക്നിക് കോളേജുകൾക്കും മേൽ സൂചിപ്പിച്ച യൂണിഫോം വേഷം നിർബന്ധമായും എല്ലാ ദിവസവും പാലിക്കേണ്ടതാണ്. വിദ്യാർത്ഥികൾ വൃത്തിയായും അച്ചടക്കത്തോടെയും സ്ഥാപനത്തിൽ എത്തിച്ചേരുവാൻ ശ്രദ്ധിക്കേണ്ടതാണ്.

8.9 പ്രവേശന സമയത്ത് അപേക്ഷകനോടൊപ്പം മാതാപിതാക്കളുടേയോ രക്ഷാകർത്താവിന്റെയോ സാന്നിദ്ധ്യം ഉണ്ടാകേണ്ടതാണ്.

8.10 പ്രവേശനത്തിന് തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകരും അവരുടെ മാതാപിതാക്കളും രക്ഷാകർത്താക്കളും അനുബന്ധം XII ൽ നിഷ്കർഷിക്കുന്ന വിധം മുൻ കാലങ്ങളിൽ കാമ്പസുകളിൽ റാഗിംഗ് ആക്ടിവിറ്റികളിൽ ഉൾപ്പെട്ടിട്ടില്ലെന്നും, ഭാവിയിൽ ഉൾപ്പെടില്ലെന്നുമുള്ള സംയുക്ത സത്യപ്രസ്താവന നടത്തേണ്ടതാണ്. ഈ സത്യപ്രസ്താവന ലംഘിക്കുകയാണെങ്കിൽ വിദ്യാർത്ഥിയെ/വിദ്യാർത്ഥികളെ സ്ഥാപനത്തിൽ നിന്നും പുറത്താക്കുന്നതാണ്. (ബഹു.സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം)

## 9. അപേക്ഷ സമർപ്പണം:

9.1 അപേക്ഷ ഓൺലൈനായി www.polyadmission.org വെബ്ബ് സൈറ്റ് വഴിയാണ് സമർപ്പിക്കേണ്ടത്.

9.2 ഇന്റർനെറ്റ് സൗകര്യമുള്ള ഏതു കമ്പ്യൂട്ടർ വഴിയും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

9.3 എല്ലാ പോളിടെക്നിക് കോളേജുകളിലും ഓൺലൈൻ ഹെൽപ്പ് ഡസ്കുകൾ പ്രവർത്തിക്കുന്നുണ്ടാകും. അപേക്ഷ തെറ്റുകൂടാതെ പൂരിപ്പിക്കുന്നതിനും, സമർപ്പിക്കുന്നതിനും പരിശീലനം ലഭിച്ച ജീവനക്കാരെ ഹെൽപ്പ് ഡസ്കിൽ നിയോഗിച്ചിട്ടുണ്ട്, അവരെ ബന്ധപ്പെടുവാനുള്ള ഫോൺനമ്പരുകൾ വെബ്ബ്സൈറ്റിൽ ലഭ്യമായിരിക്കും.

9.4 ഓൺലൈനായി അപേക്ഷ പൂരിപ്പിക്കുമ്പോൾ വിദ്യാഭ്യാസ യോഗ്യതയുടേയും (നിബന്ധന 7) സംവരണത്തിന്റെയും (നിബന്ധന 5) മറ്റു പ്രസക്തമായ സർട്ടിഫിക്കറ്റുകളുടെയും കോപ്പി കൂടെ തന്നെ കരുതുക. ഇത് അപേക്ഷ തെറ്റ് കൂടാതെ പൂർത്തിയാക്കുന്നതിന് സഹായമാകും. അപേക്ഷയിൽ വ്യക്തമാക്കാത്ത ഒരവകാശവാദവും പിന്നീട് പരിഗണിക്കുന്നതല്ല.

9.5 **അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടി ക്രമം:** സർക്കാർ/സർക്കാർ എയ്ഡഡ്/ സർക്കാർ നിയന്ത്രിക്കുന്ന സ്വാശ്രയ (IHRD- ഉയർന്ന ഫീസ്)സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ മെറിറ്റ് സീറ്റ് (ഉയർന്ന ഫീസ്) ശ്രവണവൈകല്യമുള്ളവർക്കു വേണ്ടിയുള്ള പ്രത്യേക ബാച്ച് (HI) എന്നീ സ്ഥാപനങ്ങളിലെ മെറിറ്റ് സീറ്റിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടി ക്രമം.

i) വെബ് സൈറ്റിലെ "ONLINE SUBMISSION" ലിങ്കിൽ പ്രവേശിച്ച് ഓൺലൈനായി തന്നെ അപേക്ഷ പൂരിപ്പിക്കുക.

അപേക്ഷാ ഫീസ് ഓൺലൈനായി തന്നെ ഒടുക്കുക.

വിജയകരമായി അപേക്ഷ സമർപ്പിച്ചുകഴിഞ്ഞാൽ രജിസ്റ്റേർഡ് മൊബൈൽ നമ്പറിൽ ഇത് സംബന്ധിച്ച എസ്.എം.എസ്. ലഭിക്കുന്നതായിരിക്കും. കൂടാതെ അപേക്ഷയുടെ കോപ്പി എപ്പോൾ വേണമെങ്കിലും പ്രിന്റ് ചെയ്തെടുക്കാവുന്നതാണ്. അപേക്ഷകന് സഹായത്തിന് ഓൺലൈനായി എപ്പോൾ വേണമെങ്കിലും ഹെൽപ്പ് ഡസ്കിനെ വിളിക്കാവുന്നതാണ്. (അപേക്ഷയുടെ പകർപ്പ് സമർപ്പിക്കേണ്ടതില്ല)

ii. NCC Quota അപേക്ഷ : അഡ്മിഷൻ വെബ്ബ് സൈറ്റിലെ NCC Quota ലിങ്കിൽ പ്രവേശിച്ച് ഓൺലൈനായി അപേക്ഷ പൂർത്തിയാക്കുകയും അപേക്ഷ ഫീസ് അടക്കുകയും ചെയ്യുക. അപേക്ഷയുടെ പ്രിന്റ് ഔട്ടും ബന്ധപ്പെട്ട രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികളും സഹിതം യൂണിറ്റ് ആഫീസർ മുഖേന The NCC Directorate(Kerala & Lakshadweep) PB No.2212, Thiruvananthapuram എന്ന വിലാസത്തിൽ എത്തിക്കുക.(നിബന്ധന 5.4.11 കാണുക)

iii. Sports Quota: അഡ്മിഷൻ വെബ്ബ് സൈറ്റിലെ Sports Quota ലിങ്ക് വഴി ഓൺലൈനായി അപേക്ഷ പൂർത്തിയാക്കുകയും അപേക്ഷ ഫീസ് അടക്കുകയും ചെയ്യുക. അപേക്ഷയുടെ പ്രിന്റ് ഔട്ടും സാക്ഷ്യപ്പെടുത്തിയ പ്രസക്തമായ സർട്ടിഫിക്കറ്റുകളുടെ കോപ്പികളും സെക്രട്ടറി, കേരള സ്പോർട്ട്സ് കൗൺസിൽ, തിരുവനന്തപുരം. 695001 എന്ന മേൽ വിലാസത്തിൽ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതിക്കകം എത്തിക്കുക (നിബന്ധന 5.4.10 കാണുക)

9.6 അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിക്കുശേഷം പുറപ്പെടുവിച്ച സർട്ടിഫിക്കറ്റുകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

9.7 അപേക്ഷകർക്ക് മുൻ ഗണന ക്രമമനുസരിച്ച് 30 ഓപ്ഷൻ വരെ പ്രയോഗിക്കുന്നതിന് സ്വാതന്ത്ര്യമുണ്ട്.

*കുറിപ്പ്: ഓപ്ഷൻ എന്നത് യോജ്യമായ പ്രോഗ്രാമിന്റെയും പോളിടെക്നിക് കോളേജിന്റെയും തെരഞ്ഞെടുപ്പാണ്.*

9.8 അപേക്ഷയുടെ അവസ്ഥ പരിശോധിക്കുന്നതിന് അപേക്ഷകർക്ക് അവസരമുണ്ട്. ട്രയൽ അലോട്ട്മെന്റിനും ഒന്നാം അലോട്ട്മെന്റിനുമിടയിൽ പ്രയോഗിച്ചിരിക്കുന്ന ഓപ്ഷൻ കൂട്ടിച്ചേർക്കുന്നതിനോ ഒഴിവാക്കുന്നതിനോ പുനക്രമീകരിക്കുന്നതിനോ ഒരു പ്രാവശ്യം മാത്രം അവസരം നൽകുന്നതാണ്. ഇതിനായി ഒരു ഒ.ടി.പി. നമ്പർ രജിസ്റ്റേർഡ് മൊബൈൽ നമ്പറിൽ ലഭിക്കുന്നതാണ്. നിശ്ചിത സമയത്തിനകം പ്രയോഗിക്കുന്നതിനായി ഒറ്റത്തവണത്തേയ്ക്ക് മാത്രമായിരിക്കും. പിന്നീട് ഒരു തിരുത്തലിനും അനുവദിക്കുന്നതല്ല.

9.9 അപേക്ഷയുടെ അവസ്ഥ സംബന്ധിച്ച് എന്തെങ്കിലും പരാതികളുണ്ടെങ്കിൽ ആയത് തൊട്ടടുത്ത സർക്കാർ/എയിഡഡ്/IHRD പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിനെ അറിയിക്കേണ്ടതാണ്.

9.10 സ്വാശ്രയ പോളിടെക്നിക് കോളേജ് മാനേജ്മെന്റ് സീറ്റുകളിലേക്ക് അപേക്ഷിക്കുന്നവർ ബന്ധപ്പെട്ട പോളിടെക്നിക് കോളേജിൽ പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. മാനേജ്മെന്റ് സീറ്റിലേക്കുള്ള അപേക്ഷ മെറിറ്റ് ക്വോട്ടയിൽ പരിഗണിക്കുന്നതല്ല. മെറിറ്റ് ക്വോട്ടയിൽ പരിഗണിക്കാൻ താല്പര്യപ്പെടുന്നവർ നിബന്ധന 9.5ൽ വിവരിക്കുന്ന പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

9.11 അപേക്ഷയിൽ തെറ്റായ വിവരം നൽകുന്നത് അപേക്ഷകനെന്ന അവകാശവാദം നഷ്ടപ്പെടുന്നതിനിടയാക്കും. തെറ്റായതോ അപൂർണ്ണമായതോ ആയ കാരണത്താൽ അപേക്ഷ നിരസിക്കപ്പെടുകയാണെങ്കിൽ അതുമൂലം അപേക്ഷകനുണ്ടാകാവുന്ന ബുദ്ധിമുട്ടിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

9.12 ഓൺലൈൻ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട സർട്ടിഫിക്കറ്റിന്റേയും രേഖകളുടെയും വിശദ വിവരങ്ങൾ, ആധാർ നമ്പർ അടക്കം (സർട്ടിഫിക്കറ്റുകളുടെ നമ്പരും തീയതിയും സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്ന ഉദ്യോഗസ്ഥന്റെ പേര് അല്ലെങ്കിൽ തസ്തിക ഓൺലൈൻ അപേക്ഷ തയ്യാറാക്കുമ്പോൾ 'യഥാസ്ഥാനത്ത്' പൂരിപ്പിക്കേണ്ടതാണ്.)

| ക്രമ നമ്പർ | ഉദ്ദേശ്യം | ആവശ്യമായ രേഖ |
|---|---|---|
| 01 | ജനന തീയതി തെളിയിക്കുന്നതിന് | SSLC/THSLC തത്തുല്യ പരീക്ഷ സർട്ടിഫിക്കറ്റ് |
| 02 | വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിന് | SSLC/THSLC തത്തുല്യ യോഗ്യത മാർക്ക് ലിസ്റ്റ്/ സർട്ടിഫിക്കറ്റ് |
| 03 | VHSE സംവരണം അവകാശപ്പെടുന്നതിന് | VHSE മാർക്ക് ലിസ്റ്റ് |
| 04 | ആസ്പിരേഷണൽ ജില്ലകളിൽ നിന്നുള്ളവർക്ക് ബോണസ് പോയിന്റ് അവകാശപ്പെടുന്നതിന് Ie, മലപ്പുറം, വയനാട്, കാസറഗോഡ്, പാലക്കാട് | വില്ലേജ് ഓഫീസർ നൽകുന്ന നേറ്റിവിറ്റി/വാസസ്ഥല സർട്ടിഫിക്കറ്റ് അപേക്ഷകർ VIII മുതൽ Xth ക്ലാസ്സ് വരെ പഠിച്ച് യോഗ്യത പരീക്ഷയ്ക്ക് ഹാജരായ സ്ഥാപനമേധാവിയുടെ സാക്ഷ്യപ്പെടുത്തൽ |
| 05 | അപേക്ഷകൻ കേരളീയനാണെന്ന് തെളിയിക്കുന്നതിന് | ജനന സ്ഥലം കേരളമാണെന്ന് സാക്ഷ്യപ്പെടുത്തുന്ന SSLC/തത്തുല്യ യോഗ്യത സർട്ടിഫിക്കറ്റ് OR ജനന സ്ഥലം കേരളമാണെന്ന് സാക്ഷ്യപ്പെടുത്തിയ ഭാരത സർക്കാർ പുറപ്പെടുവിച്ച അപേക്ഷകന്റെ പാസ്സ് പോർട്ട് |

| | | |
|---|---|---|
| | | OR<br>ജനന സ്ഥലം കേരളമാണെന്ന് തെളിയിക്കുന്നതിന് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ജനന സർട്ടിഫിക്കറ്റ്<br>OR<br>അപേക്ഷകൻ 8ആം ക്ലാസ്സ് മുതൽ 10-ആം ക്ലാസ്സ് വരെയുള്ള പഠനവും യോഗ്യത പരീക്ഷയും കേരളത്തിലെ സ്ഥാപനത്തിലാണ് പൂർത്തീകരിച്ചതെന്നു പ്രതിപാദിക്കുന്ന SSLC / തത്തുല്യ സർട്ടിഫിക്കറ്റ്<br>OR<br>അപേക്ഷകന്റെ മാതാപിതാക്കളിലാരെങ്കിലും ഒരാൾ കേരള സംസ്ഥാനത്തു പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാർ / കേരള സർക്കാർ/ അർദ്ധ സർക്കാർ/ പൊതു മേഖല സ്ഥാപനത്തിലെ ജീവനക്കാരനാണെന്നു തെളിയിക്കുന്നതിന് സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് |
| 06 | SEBC വിഭാഗത്തിനുള്ള സാമുദായിക സംവരണം അവകാശപ്പെടുന്നതിന് | അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ജാതി സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും. |
| 07 | എസ്.സി/എസ്.ടി സംവരണം അവകാശപ്പെടുന്നതിന് | തഹസിൽദാർ പുറപ്പെടുവിച്ച സാധുവായ ജാതി സർട്ടിഫിക്കറ്റ് |
| 08 | പ്രത്യേക സംവരണം അവകാശപ്പെടുന്നതിന് | അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ പുറപ്പെടുവിച്ച സംവരണത്തെ പിന്താങ്ങുന്ന സാക്ഷ്യപത്രം (നിബന്ധന 5.4 കാണുക) |
| 09 | ഭിന്നശേഷി സംവരണം അവകാശപ്പെടുന്നതിന് | മെഡിക്കൽ ബോർഡ് പുറപ്പെടുവിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് (നിബന്ധന 5.1) |
| 10 | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുള്ള | വാർഷിക വരുമാനം 8 ലക്ഷം രൂപയോ അതിൽ താഴെയോ ആണെന്ന് |

| | | |
|---|---|---|
| | ട്യൂഷൻ ഫീ വേവർ സ്കീം സംവരണം അവകാശപ്പെടുന്നതിന് | വില്ലേജാഫീസറോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ പുറപ്പെടുവിച്ച സാധുവായ വരുമാന സർട്ടിഫിക്കറ്റ് |
| 11 | EWS സംവരണം അവകാശപ്പെടുന്നതിന് | അനുബന്ധം XVI മാതൃകയിൽ തഹസിൽദാർ റാങ്കിൽ കുറയാത്ത റാങ്കുള്ള ഉദ്യോഗസ്ഥൻ പുറപ്പെടുവിച്ച വരുമാനവും സ്വത്തും സംബന്ധിച്ച അസ്സൽ സർട്ടിഫിക്കറ്റ് |
| 12 | ശ്രവണ വൈകല്യം ഉള്ളവർക്കുള്ള സ്പെഷ്യൽ ബാച്ച് അർഹത അവകാശപ്പെടുന്നതിന് | മെഡിക്കൽ ബോർഡ് പുറപ്പെടുവിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് (നിബന്ധന 5.5 കാണുക) |

10. **അപേക്ഷകരുടെ തിരഞ്ഞെടുപ്പ്:** SSLC/THSLC തത്തുല്യയോഗ്യത പരീക്ഷയിൽ ലഭിച്ച ഗ്രേഡ് പോയിന്റ് അടിസ്ഥാനത്തിലണ് പ്രവേശനതിനുള്ള തെരഞ്ഞെടുപ്പ്. ഗ്രേഡിംഗ് സിസ്റ്റത്തിന് മുൻപ് നിലവിലിരുന്ന സ്ക്കീമിൽ യോഗ്യത പരീക്ഷ പാസ്സായ അപേക്ഷകരുടെ കാര്യത്തിൽ അവർക്ക ലഭിച്ച മാർക്ക് താഴെ വിവരിക്കും പ്രകാരം 9 പോയിന്റ് ഗ്രേഡ് സ്കെയിലിലേക്ക് പരിവർത്തനം ചെയ്ത ഗ്രേഡ് പോയിന്റ് കണക്കാക്കുന്നതായിരിക്കും.

| Grade | A+ | A | B+ | B | C+ | C | D+ |
|---|---|---|---|---|---|---|---|
| %-Mark | >=90 | >=80 | >=70 | >=60 | >=50 | >=40 | >=30 |
| Grade Point | 9 | 8 | 7 | 6 | 5 | 4 | 3 |

*കുറിപ്പ്: ഗ്രേഡിംഗ് സിസ്റ്റത്തിനുമുൻപ് നിലവിലിരുന്ന സിസ്റ്റത്തിൽ യോഗ്യത പരീക്ഷ പൂർത്തീകരിക്കുകയും വ്യക്തിഗത വിഷയത്തിന് 30% താഴെ മാർക്ക് ലഭിക്കുകയും എന്നാൽ ഉന്നത വിദ്യാഭ്യാസത്തിന് അർഹത നേടുകയും ചെയ്ത അപേക്ഷകർക്ക് പ്രസ്തുത വിഷയത്തി. D+ ഗ്രേഡ് ലഭിച്ചതായി കണക്കാക്കി പ്രവേശനത്തിന് പരിഗണിക്കുന്നതായിരിക്കും. സി ബി എസ് ഇ യോഗ്യതയുള്ള അപേക്ഷകരുടെ കാര്യത്തിൽ മാർക്കും ഗ്രേഡും മാർക്ക് ലിസ്റ്റിൽ ലഭ്യമാണെങ്കിലും ഗ്രേഡ് പോയിന്റിലേക്ക് പരിവർത്തനം ചെയ്യുന്നതിന് മാർക്ക് മാത്രം പരിഗണിക്കുന്നതായിരിക്കും.*

## വെയിറ്റഡ് ഗ്രേഡ് പോയിന്റ് ആവറേജും ഇൻഡക്സും കണക്കാക്കുന്ന രീതി

സ്കീം-1

വെയ്റ്റഡ് ഗ്രേഡ് പോയിന്റ് ആവറേജ് 1 (WGPA 1) എന്നത് കണക്ക്, ഫിസിക്സ്, കെമിസ്ട്രി, ഇംഗ്ലീഷ് എന്നീ വിഷയങ്ങളുടെ ഗ്രേഡ് പോയിന്റ് ശരാശരിയെ 0.85 കൊണ്ട് ഗുണിച്ചു കിട്ടുന്ന സംഖ്യയാണ്

WGPA 1 = കണക്ക്, ഫിസിക്സ്, കെമിസ്ട്രി, ഇംഗ്ലീഷ് എന്നീ വിഷയങ്ങളുടെ ഗ്രേഡ് പോയിന്റ് തുകx 0.85
—————————————————————————
വിഷയങ്ങളുടെ എണ്ണം (കണക്ക്, ഫിസിക്സ്, കെമിസ്ട്രി, ഇംഗ്ലീഷ്)

വെയ്റ്റഡ് ഗ്രേഡ് പോയിന്റ് ആവറേജ് 2 (WGPA 2) എന്നത് കണക്ക്, ഫിസിക്സ്, കെമിസ്ട്രി, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾ ഒഴിച്ചുള്ളവയുടെ ഗ്രേഡ് പോയിന്റ് ശരാശരിയെ 0.15 കൊണ്ട് ഗുണിച്ച് കിട്ടുന്ന സംഖ്യയാണ്

**WGPA2** = (കണക്ക്, ഫിസിക്സ്, കെമിസ്ട്രി, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾ ഒഴിച്ചുള്ളവയുടെ ഗ്രേഡ് പോയിന്റ് തുക / കണക്ക്, ഫിസിക്സ്, കെമിസ്ട്രി, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾ ഒഴിച്ചുള്ളവയുടെ എണ്ണം) x 0.15

WGPA 1, WGPA 2 എന്നീ സംഖ്യകൾ കൂട്ടിക്കിട്ടിയ തുകയാണ് ടോട്ടൽ ഗ്രേഡ് പോയിന്റ് ആവറേജ് (TGPA)

**Ie, TGPA = WGPA1+WGPA2**

## സ്ട്രീം-2

വെയ്റ്റഡ് ഗ്രേഡ് പോയിന്റ് ആവറേജ് 1 (WGPA 1) എന്നത് കണക്ക്, ഇംഗ്ലീഷ് എന്നീ വിഷയങ്ങളുടെ ഗ്രേഡ് പോയിന്റ് ശരാശരിയെ 0.85 കൊണ്ട് ഗുണിച്ച് കിട്ടുന്ന സംഖ്യയാണ്

**WGPA 1** = (കണക്ക്, ഇംഗ്ലീഷ് എന്നീ വിഷയങ്ങളുടെ ഗ്രേഡ് പോയിന്റ് തുക / വിഷയങ്ങളുടെ എണ്ണം (കണക്ക്, ഇംഗ്ലീഷ്)) x 0.85

വെയ്റ്റഡ് ഗ്രേഡ് പോയിന്റ് ആവറേജ് 2 (WGPA 2) എന്നത് കണക്ക്, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾ ഒഴിച്ചുള്ളവയുടെ ഗ്രേഡ് പോയിന്റ് ശരാശരിയെ 0.15 കൊണ്ട് ഗുണിച്ച് കിട്ടുന്ന സംഖ്യയാണ്

**WGPA2** = (കണക്ക്, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾ ഒഴിച്ചുള്ളവയുടെ ഗ്രേഡ് പോയിന്റ് തുക / കണക്ക്, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾ ഒഴിച്ചുള്ളവയുടെ എണ്ണം) x 0.15

WGPA 1, WGPA 2 എന്നീ സംഖ്യകൾ കൂട്ടിക്കിട്ടിയ തുകയാണ് ടോട്ടൽ ഗ്രേഡ് പോയിന്റ് ആവറേജ് (TGPA)

**Ie, TGPA = WGPA1+WGPA2**

**പീനൽ പോയിന്റ്** : 0.5 (യോഗ്യത പരീക്ഷ രണ്ടാമത്തെ അവസരത്തിൽ പൂർത്തീകരിച്ച അപേക്ഷകർക്ക്)

**ബോണസ് പോയിന്റ്** : മലപ്പുറം, വയനാട്, കാസറഗോഡ്, പാലക്കാട് എന്നീ ആസ്പിരേഷണൽ ജില്ലകളിൽ ജനിക്കുകയോ മേൽ ജില്ലകളിലെ സ്കൂളിൽ VIII മുതൽ X വരെ പഠിക്കുകയോ ചെയ്ത അപേക്ഷകർക്ക് 0.5 ബോണസ് പോയിന്റ് മേൽ ജില്ലകളിലെ പ്രവേശനത്തിനുള്ള ഇൻഡക്സ് സ്കോർ കണക്കാക്കുന്നതിനായി പരിഗണിക്കുന്നതാണ്

**ഇൻഡക്സ് സ്കോർ**

സ്ട്രീം 1 = TGPA 1 സ്ട്രീം 1 – പീനൽ പോയിന്റ് + ബോണസ് പോയിന്റ്

സ്ട്രീം 2 = TGPA 2 സ്ട്രീം 2 – പീനൽ പോയിന്റ് + ബോണസ് പോയിന്റ്

*കുറിപ്പ്: യോഗ്യത പരീക്ഷയിൽ ഒരു വിഷയത്തിന് ഒന്നിൽ കൂടുതൽ പരീക്ഷകളുണ്ടെങ്കിൽ എല്ലാ വിഷയത്തിന്റേയും മാർക്ക്/ഗ്രേഡ് ആ വിഷയത്തിന്റെ ഗ്രേഡ് കണക്കാക്കുന്നതിന് പരിഗണിക്കും. മാർക്ക് ലിസ്റ്റിൽ ഫിസിക്സ്, കെമിസ്ട്രി, വിഷയങ്ങൾക്ക പകരം സയൻസ് എന്ന മാത്രം രേഖപ്പെടുത്തിയിട്ടുള്ളുവെങ്കിൽ സയൻസിന്റെ ഗ്രേഡ് ഫിസിക്സിനും, കെമിസ്ട്രിക്കും പരിഗണിക്കുന്നതായിരിക്കും.*

## 10.2 റാങ്ക് ലിസ്റ്റ് തയ്യാറാക്കൽ

a. കേന്ദ്രീകൃത അലോട്ട്മെന്റ് നടത്തുന്നതിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് അഡ്മിഷൻ പോർട്ടലിൽ www.polyadmission.org ൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

b. സ്ട്രീം. 1 പ്രോഗ്രാം പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റ് സ്ട്രീം.1 ഇൻഡക്സ് സ്കോറിനെ അടിസ്ഥാനപ്പെടുത്തിയാണ് തയ്യാറാക്കുക. അലോട്ട്മെന്റ് ഉയർന്ന റാങ്ക് മുൻഗണന ക്രമത്തിൽ തയ്യാറാക്കുന്നതാണ്.

c. സ്കീം 2 പ്രോഗ്രാം പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റ് സ്കീം 2 ഇൻഡക്സ് സ്കോറിനെ അടിസ്ഥാനമാക്കിയാണ് തയ്യാറാക്കുക. അലോട്ട്മെന്റ് ഉയർന്ന റാങ്ക് മുൻ ഗണന ക്രമത്തിൽ നടത്തപ്പെടുന്നതാണ്.

d. റാങ്ക് നിർണ്ണയിക്കുമ്പോൾ ഒരേ സ്ഥാനത്തിനുവേണ്ടി ഒന്നിൽ കൂടുതൽ അപേക്ഷകരുണ്ടാവുകയാണെങ്കിൽ WGPA.1 ൽ ഉയർന്ന സ്കോറിന് മുൻ ഗണന നൽകുന്നതായിരിക്കും. തുടർന്നും പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിൽ താഴെ കൊടുത്തിരിക്കുന്ന മാർഗ്ഗങ്ങൾ മുൻഗണന ക്രമത്തിൽ ഉപയോഗിച്ച് പരിഹരിക്കുന്നതായിരിക്കും.

**സ്കീം.1**

a. കണക്കിന് ഉയർന്ന ഗ്രേഡ് പോയിന്റ് ആവറേജിന് മുൻ ഗണന നൽകും

b. ഫിസിക്സിൽ ഉയർന്ന ഗ്രേഡ് പോയിന്റ് ആവറേജിന് മുൻ ഗണന നൽകും (ഫിസിക്സ് വിഷയമായി രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ സയൻസ് പരിഗണിക്കും)

c. ഇംഗ്ലീഷിൽ ഉയർന്ന ഗ്രേഡ് പോയിന്റ് ആവറേജിന് മുൻ ഗണന നൽകും

d. ജനന തീയതി കണക്കിലെടുത്ത് പ്രായ കൂടുതലുള്ള അപേക്ഷകന് മുൻ ഗണന നൽകും

**സ്കീം.2**

a. കണക്കിന് ഉയർന്ന ഗ്രേഡ് പോയിന്റ് ആവറേജിന് മുൻ ഗണന നൽകും

b. ഇംഗ്ലീഷിന് ഉയർന്ന ഗ്രേഡ് പോയിന്റ് ആവറേജിന് മുൻ ഗണന നൽകും

c. പ്രായ കൂടുതലുള്ള അപേക്ഷകന് മുൻ ഗണന നൽകും

10.3 താൽക്കാലിക റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം: SITTTR തയ്യാറാക്കിയ താൽക്കാലിക റാങ്ക് ലിസ്റ്റ് അഡ്മിഷൻ പോർട്ടലിൽ www.polyadmission.orgൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. അപേക്ഷകന് തന്റെ വ്യക്തിഗത റാങ്ക് പോർട്ടലിലെ ലിങ്ക് വഴി പരിശോധിക്കാവുന്നതാണ്. അപേക്ഷകരുടെ റാങ്ക് നില, സംവരണാവകാശം, പ്രോഗ്രാമും സ്ഥാപനവും സംബന്ധിച്ച മുൻ ഗണന എന്നിവ റാങ്ക് ലിസ്റ്റിൽ പ്രതിഫലിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്. അപേക്ഷകന് ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതികളുണ്ടെങ്കിൽ ഏതെങ്കിലും സർക്കാർ/എയിഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ പോളിടെക്നിക് കോളേജ്(IHRD) പ്രിൻസിപ്പാളിനെ ബന്ധപ്പെട്ട രേഖകളുമായി നിശ്ചിത തീയതിക്കകം ബന്ധപ്പെടേണ്ടതാണ്. വൈകി ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

10.4 ട്രയൽ (പരീക്ഷണ) അലോട്ട് മെന്റ് : താൽക്കാലിക റാങ്ക് ലിസ്റ്റിനോടൊപ്പം ട്രയൽ അലോട്ട്മെന്റ് ലിസ്റ്റ് കൂടെ പ്രസിദ്ധീകരിക്കും. ട്രയൽ അലോട്ട്മെന്റ് ലിസ്റ്റ് പരിശോധിക്കുന്നത് ലഭ്യമായ റാങ്കിന്റേയും പ്രയോഗിച്ചിരിക്കുന്ന ഓപ്ഷന്റേയും അടിസ്ഥാനത്തിൽ അലോട്ട്മെന്റ് സാദ്ധ്യത മുൻ കൂട്ടി പ്രവചിക്കുന്നതിന് അപേക്ഷകനെ സഹായിക്കും. കൂടാതെ മുൻ വർഷങ്ങളിലെ അലോട്ട്മെന്റ് വിവരങ്ങൾ വെബ്ബ് സൈറ്റിലെ Last Rank of Allotment എന്ന് ലിങ്ക് വഴി പരിശോധിക്കുന്നത് അലോട്ട്മെന്റ് സാധ്യത കണക്കാക്കുന്നതിനും സഹായിക്കും. ട്രയൽ അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിശ്ചിത തീയതിക്കകം അപേക്ഷകന് മുൻപ് നൽകിയിരുന്ന ഓപ്ഷൻ ആവശ്യമെങ്കിൽ

പുനപരിശോധിക്കാനും പുന:സമർപ്പിക്കാനും അവകാശമുണ്ട്. (നിബന്ധന 9.8 കാണുക) ട്രയൽ അലോട്ട്മെന്റ് ലിസ്റ്റിൽ പേര് വന്നതു കൊണ്ടുമാത്രം അപേക്ഷകന് ഏതെങ്കിലും പ്രോഗ്രാമിലോ കോളേജിലോ പ്രവേശനം ഉറപ്പ നൽകുന്നില്ല.

10.5 പ്രോസ്പക്ടസിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവേശന യോഗ്യതകൾ ഉറപ്പ വരുത്താതെ റാങ്ക് ലിസ്റ്റിൽ പേര് ഉൾപ്പെട്ടിട്ടുണ്ട് എന്നതു കൊണ്ടുമാത്രം പ്രവേശനത്തിന് അർഹത ഉണ്ടാവില്ല. തെറ്റായ വിവരങ്ങൾ സമർപ്പിക്കുന്നത് അപേക്ഷ നഷ്ടപ്പെടുന്നതിന്/നിരസിക്കുന്നതിന് കാരണമാകും. പ്രവേശനത്തിനു മുൻപോ ശേഷമോ അപേക്ഷകൻ സമർപ്പിച്ച വിവരങ്ങൾ തെറ്റാണെന്ന് ബോധ്യപ്പെട്ടാലോ പ്രവേശനത്തിന് യോഗ്യത ഇല്ലെന്ന് കണ്ടെത്തിയലോ പ്രവേശനം റദ്ദാക്കുന്നതും അടച്ച ഫീസ് കണ്ടുകെട്ടുന്നതുമായിരിക്കും.

## 11. കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയ (Centralized Allottment Process):

11.1 സിംഗിൾ വിൻഡോ സിസ്റ്റത്തിലൂടെയാണ് അപേക്ഷകന്റെ ഓപ്ഷന്റേയോ റീ ഓപ്ഷന്റേയോ അടിസ്ഥാനത്തിൽ പ്രോഗ്രാമും സ്ഥാപനവും തിരഞ്ഞെടുത്ത് നൽകുന്നത്. ഒരപേക്ഷകന് പരമാവധി 30 ഓപ്ഷൻ വരെ തിരഞ്ഞെടുക്കാവുന്നതാണ്. ഉദാഹരണത്തിന് കളമശ്ശേരി ഗവണ്മെന്റ് പോളിടെക്നിക് കോളേജിൽ കെമിക്കൽ എഞ്ചിനീയറിംഗ് ആണ് ഒരു ഓപ്ഷനെങ്കിൽ ചേർത്തല ഗവ. പോളിടെക്നിക് കോളേജിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് മറ്റൊരു ഓപ്ഷനാകാം. ഇത്തരം 30 ഓപ്ഷൻ വരെ അപേക്ഷകന് തിരഞ്ഞെടുക്കാവുന്നതാണ്. തിരഞ്ഞെടുത്ത ഓപ്ഷൻ, ലഭ്യമായ റാങ്ക്, സംവരണ അർഹത ഈ മൂന്നിനെയും അടിസ്ഥാനമാക്കിയായിരിക്കും അലോട്ട്മെന്റ് ലഭിക്കുക. അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം സ്വീകരിക്കുമെന്ന് ഉറപ്പുള്ള പ്രോഗ്രാമുകളും കോളേജുകളും മാത്രം ഓപ്ഷനിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

11.2 പ്രവേശനത്തിനായി മൂന്ന് അലോട്ട്മെന്റ് നടത്തുന്നതാണ്. തിരഞ്ഞെടുക്കപ്പെട്ട അപേക്ഷകന് ഒരു കാരണ വശാലും പ്രത്യേകം അറിയിപ്പ് നൽകുന്നതല്ല.

11.2.1 മൂന്ന് അലോട്മെന്റിനു ശേഷവും സീറ്റുകൾ ഒഴിവു വരുകയാണെങ്കിൽ ആയത് സ്പോട്ട് അഡ്മിഷൻ വഴി നികത്തുന്നതാണ്. (മാർഗ്ഗ നിർദ്ദേശങ്ങൾക്കായി അനുബന്ധം XV കാണുക)

11.3 അലോട്ട്മെന്റ് പ്രക്രിയ സംബന്ധിച്ച പൊതു നിബന്ധനകൾ:

1. അപേക്ഷകന് ആദ്യത്തെ ഓപ്ഷൻ തന്നെ അലോട്ട് ചെയ്തു കിട്ടുകയാണെങ്കിൽ നിർബന്ധമായും അലോട്ട്മെന്റ് പ്രകാരമുള്ള സ്ഥാപനത്തിൽ നിർദ്ദേശിച്ച സമയത്തിനകം പ്രവേശനം ഉറപ്പാക്കേണ്ടതാണ്. ഇതിനു കഴിയാതെ വന്നാൽ തുടർന്നുള്ള അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല
2. അപേക്ഷകന് ലഭിച്ച അലോട്ട്മെന്റ് തൃപ്തികരമാണെങ്കിൽ ( ഒന്നാമത്തെയോ ഉയർന്നതോ ആയ ഓപ്ഷനല്ലെങ്കിൽ കൂടി) അപ്രകാരം പ്രവേശനം സ്വീകരിച്ച് ഉയർന്ന ഓപ്ഷനുകൾ റദ്ദു ചെയ്യാവുന്നതാണ്.

3. അപേക്ഷകന് ലഭിച്ച അലോട്ട്മെന്റ് തൃപ്തികരമല്ലെങ്കിൽ താഴെ സൂചിപ്പിക്കുന്ന ഏതെങ്കിലും ഒരു മാർഗ്ഗം സ്വീകരിക്കാവുന്നതാണ്.

a) ഉയർന്ന ഓപ്ഷൻ പ്രതീക്ഷിക്കുന്ന അപേക്ഷകർ ലഭിച്ച അലോട്ട്മെന്റ് സീറ്റ് നില നിർത്തുന്നതിനായി നിശ്ചിത തീയതിക്കകം പ്രസക്തമായ സർട്ടിഫിക്കറ്റുകളടക്കം ഏതെങ്കിലും സർക്കാർ/എയ്ഡഡ്/IHRD പോളിടെക്നിക്ക് കോളേജിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇത്തരക്കാർ അവസാന അലോട്മെന്റിൽ ലഭിക്കുന്ന ഓപ്ഷൻ പ്രകാരം പ്രവേശനം സ്വീകരിക്കേണ്ടതാണ്, അല്ലാത്ത പക്ഷം അലോട്മെന്റ്~ റദ്ദാക്കുന്നതായിരിക്കും.

b) ലഭിച്ച ഓപ്ഷൻ പ്രകാരമുള്ള പ്രവേശനം നിശ്ചിത തീയതിക്കകം സ്വീകരിക്കാതിരിക്കുകയോ ഓപ്ഷൻ നില നിർത്തുന്നതിനുള്ള രജിസ്ട്രേഷൻ നിശ്ചിത തീയതിക്കകം പൂർത്തിയാക്കാതിരിക്കുകയോ ചെയ്താൽ നിലവിലുള്ള അലോട്മെന്റ് റദ്ദാക്കപ്പെടുന്നതാണ്. ഇത്തരക്കാരെ തുടർന്ന് വരുന്ന അലോട്മെന്റിൽ ഉയർന്ന ഓപ്ഷൻ സാദ്ധ്യത ഉണ്ടെങ്കിൽ മാത്രമെ പരിഗണിക്കുകയുള്ളു.

4. അവസാന അലോട്മെന്റിൽ ഓപ്ഷൻ ലഭിച്ച അപേക്ഷകൻ നിശ്ചിത തീയതിക്കകം പ്രവേശനം സ്വീകരിക്കാതിരുന്നാൽ വാഗ്ദാനം ചെയ്ത അലോട്മെന്റ് ഓപ്ഷൻ റദ്ദാക്കപ്പെടുന്നതാണ്. ഇത്തരക്കാരുടെ അപേക്ഷയിൽ ഉയർന്ന ഓപ്ഷൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രമെ തുടർന്ന് വരുന്ന സ്പോട്ട് അഡ്മിഷനിൽ പരിഗണിക്കുകയുള്ളു.

5. റാങ്ക് ലിസ്റ്റിൽ നിന്നും പുറത്താക്കപ്പെടാത്ത എല്ലാ അപേക്ഷകർക്കും തുടർന്ന് വരുന്ന സ്പോട്ട് അഡ്മിഷനിൽ മറ്റ് ഓപ്ഷനു വേണ്ടി ശ്രമിക്കുന്നതിന് സ്വാതന്ത്ര്യമുണ്ടായിരിക്കും.

## 12. പ്രവേശന നടപടിക്രമം:

മാനേജ്മെന്റ് സീറ്റ് ഒഴിച്ചുള്ള സീറ്റുകളിൽ പ്രവേശനത്തിനു തിരഞ്ഞെടുക്കപ്പെട്ടവർ വെബ്ബ് സൈറ്റിൽ നിന്ന് അലോട്ട്മെന്റ് ലെറ്ററിന്റെ പ്രിന്റ് ഔട്ട് എടുത്ത ശേഷം തുടർന്ന് നിർദ്ദേശിക്കുന്ന പ്രകാരം പ്രവർത്തിക്കുക.

12.1 അലോട്ട്മെന്റ് ലഭിച്ച ഓപ്ഷനിൽ പ്രവേശനം താല്പര്യപ്പെടുന്ന അപേക്ഷകർ അലോട്ട്മെന്റ് ലെറ്ററും, ഫീസും, അസ്സൽ രേഖകളുമായി അലോട്ട്മെന്റ് ലഭിച്ച പോളിടെക്നിക് കോളേജിൽ ഹാജരാകേണ്ടതാണ്.വിദ്യാഭ്യാസ യോഗ്യത, സംവരണം, ഫീസിളവും എന്നിവയെ പിന്താങ്ങുന്ന സാക്ഷ്യപത്രങ്ങളും വിടുതൽ സർട്ടിഫിക്കറ്റും സ്വഭാവ സർട്ടിഫിക്കറ്റുകൾ എന്നിവ സൂക്ഷ്മ പരിശോധനക്കായി സ്ഥാപനത്തിൽ നൽകി, പ്രവേശന സ്ലിപ്പും രേഖകൾ സ്വീകരിച്ചതിനുള്ള കൈപ്പറ്റ രശീതും സ്വീകരിക്കേണ്ടതാണ്.

അല്ലെങ്കിൽ

അപേക്ഷകൻ അലോട്ട്മെന്റ് ലഭിച്ച ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ മാത്രം താൽപര്യപ്പെടുന്നുവെങ്കിൽ അലോട്മെന്റ് ലെറ്ററും അസ്സൽ സാക്ഷ്യപത്രങ്ങളുമായി ഏതെങ്കിലും സർക്കാർ/എയ്ഡഡ് പോളിടെക്നിക്ക് കോളേജിൽ ഹാജരാകേണ്ടതാണ്. (നിബന്ധന 12.3 കാണുക). കോളേജധികാരികൾ

അപേക്ഷകൻ അവകാശപ്പെടുന്ന വിദ്യാഭ്യാസ യോഗ്യത, സംവരണം, ഫീസിളവും എന്നിവയെ പിന്താങ്ങുന്ന സാക്ഷ്യപത്രങ്ങൾ സ്വീകരിക്കുകയും അഡ്മിഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതുമാണ്. രജിസ്ട്രേഷൻ നടത്തുന്ന അപേക്ഷകനിൽ നിന്ന് സർട്ടിഫിക്കറ്റുകളോ ഫീസോ സ്വീകരിക്കേണ്ടതില്ല.

12.2 പ്രവേശനത്തിനായി നിർദ്ദേശിച്ചിരിക്കുന്ന സമയ ക്ലിപ്തത പാലിക്കുന്നുണ്ടെന്ന് അപേക്ഷകൻ സ്വയം ഉറപ്പ് വരുത്തേണ്ടതാണ്. നിർദ്ദിഷ്ട സമയത്തിനകം പ്രവേശനം സ്വീകരിക്കാത്തവർക്ക് ഒരു കാരണവശാലും സമയം നീട്ടിക്കൊടുക്കുന്നതല്ല. നിർദ്ദിഷ്ട സമയത്തിനകം ഹാജരാകാത്ത അപേക്ഷകർ നിലവിലുള്ള അലോട്ട്മെന്റിൽ പ്രവേശനത്തിനുള്ള തന്റെ അവസരം ഉപേക്ഷിച്ചതായി കണക്കാക്കുന്നതാണ്.

*കുറിപ്പ്: മാറ്റി വക്കാൻ പറ്റാത്ത കാരണങ്ങളാൽ അപേക്ഷകന് നേരിട്ട് പ്രവേശനത്തിന് എത്തിച്ചേരാൻ കഴിയുന്നില്ലെങ്കിൽ മാതാപിതാക്കളെയോ രക്ഷാകർത്താക്കളേയോ അതുമല്ലെങ്കിൽ ചുമതലപ്പെടുത്തിയ മറ്റൊരു വ്യക്തിയെ തന്റെ സ്വന്തം ഉത്തരവാദിത്വത്തിൽ പകരക്കാരനായി നിയോഗിക്കാവുന്നതാണ്. ചുമതലപ്പെടുത്തിയ വ്യക്തി അനുബന്ധം XIII മാതൃകയിൽ തയ്യാറാക്കിയ അധികാര പത്രവും അസ്സൽ രേഖകളുമായി ഹാജരാകേണ്ടതാണ്.*

## 12..3 പ്രവേശന സമയത്ത് സമർപ്പിക്കേണ്ട അസ്സൽ രേഖകൾ

| ക്രമ നമ്പർ | ഉദ്ദേശ്യം | ഹാജരാക്കേണ്ട സാക്ഷ്യപത്രം |
|---|---|---|
| 1 | ജനന തീയതി തെളിയിക്കുന്നതിന് | SSLC/THSLC പരീക്ഷയുടെ അസ്സൽ സർട്ടിഫിക്കറ്റ് |
| 2 | വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിന് | SSLC/THSLC/തത്തുല്യ യോഗ്യത പരീക്ഷയുടെ അസ്സൽ മാർക്ക് ലിസ്റ്റും പകർപ്പും |
| 3 | VHSE സംവരണത്തിന് | VHSE അസ്സൽ സർട്ടിഫിക്കറ്റ് |
| 4 | മലപ്പുറം, വയനാട്, കാസറഗോഡ്, പാലക്കാട് എന്നീ ആസ്പിരേഷണൽ ജില്ലകളിൽ നിന്നും വരുന്നവർക്ക് ബോണസ് പോയിന്റ് അവകാശപ്പെടുന്നതിന് | വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ നേറ്റിവിറ്റി അഥവാ വാസസ്ഥല സർട്ടിഫിക്കറ്റ് **അല്ലെങ്കിൽ** അനുബന്ധം VII ഫോർമാറ്റിൽ VIII മുതൽ Xth ക്ലാസ്സ് വരെ 4 ആസ്പിരേഷണൽ ജില്ലകളിലൊന്നിൽ പഠിച്ച് യോഗ്യത പരീക്ഷയ്ക്ക് ഹാജരായെന്ന് സ്ഥാപനമേധാവി നൽകിയ സർട്ടിഫിക്കറ്റ് |
| 5 | ജന്മസ്ഥലം തെളിയിക്കുന്നതിന് | നിബന്ധന 9.12(5) പ്രകാരമുള്ള അസ്സൽ സർട്ടിഫിക്കറ്റ് |
| 6 | എസ്.സി/എസ്.ടി സാമുദായിക സംവരണം അവകാശപ്പെടുന്നതിന് | തഹസിൽദാർ പുറപ്പെടുവിച്ച ജാതി സർട്ടിഫിക്കറ്റിന്റെ അസ്സൽ |
| 7 | SEBC വിഭാഗത്തിനുള്ള സാമുദായിക സംവരണം അവകാശപ്പെടുന്നതിന് | സാധുവായ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ സാധുവായ ജാതി സർട്ടിഫിക്കറ്റും വരുമാനം 8 ലക്ഷം രൂപയിൽ താഴെയാണെന്ന് ചുമതലപ്പെടുത്തിയ അധികാരിയുടെ സാക്ഷ്യപത്രവും |

| | | |
|---|---|---|
| 8 | SEBC, SC/ST വിഭാഗത്തിൽ പെട്ട മിശ്ര വിവാഹിതരായ ദമ്പതികളുടെ മക്കൾക്കുള്ള സാമുദായിക സംവരണം | ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ നിശ്ചിത മാതൃകയിൽ പുറപ്പെടുവിച്ചിട്ടുള്ള മിശ്രവിവാഹ സർട്ടിഫിക്കറ്റ്, SEBC വിഭാഗത്തിന് വരുമാന സർട്ടിഫിക്കറ്റ്/ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, SC/ST വിഭാഗത്തിന് തഹസിൽദാർ പുറപ്പെടുവിച്ച ജാതി സർട്ടിഫിക്കറ്റ് |
| 9 | നിബന്ധന 5 പ്രകാരമുള്ള പ്രത്യേക സംവരണം | സംവരണത്തെ പിന്താങ്ങുന്നതിനായി ചുമതലപ്പെടുത്തിയ അധികാരി പുറപ്പെടുവിച്ച സാക്ഷ്യപത്രത്തിന്റെ അസ്സൽ |
| 10 | അവശരായ വ്യക്തികൾക്കുള്ള സംവരണം | a. സംസ്ഥാന സർക്കാർ രൂപീകരിച്ച മെഡിക്കൽ ബോർഡ് 40% ലധികം അവശതയുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റ് (നിബന്ധന 5.1 കാണുക)<br>b. അസി.സർജനിൽ കുറയാത്ത റാങ്കുള്ള സർക്കാർ മെഡിക്കൽ ഓഫീസർ അപേക്ഷകന് പോളിടെക്നിക്ക് കോളേജിലെ തിരഞ്ഞെടുത്ത പ്രോഗ്രാം പൂർത്തീകരിക്കാനുള്ള കായിക ക്ഷമതയുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് |
| 11 | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിനുള്ള ട്യൂഷൻ ഫീ വേവർ സ്കീം സംവരണം | വരുമാനം 8 ലക്ഷം രൂപയോ അതിൽ താഴെയോ ആണെന്ന് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ അസ്സൽ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന പരിധിക്കുള്ളിലാണ് വരുമാനമെന്ന സർട്ടിഫിക്കറ്റ് |
| 12 | EWS സംവരണം | തഹസിൽദാരുടെ റാങ്കിൽ താഴെയുള്ള ഉദ്യോഗസ്ഥൻ അനുബന്ധം XVI ഫോർമാറ്റിൽ പുറപ്പെടുവിച്ച് വരുമാനവും സ്വത്തും സംബന്ധിച്ച അസ്സൽ സർട്ടിഫിക്കറ്റ് |
| 13 | അസാന്നിദ്ധ്യത്തിൽ പ്രവേശനത്തിൽ പങ്കെടുക്കാൻ | അനുബന്ധം XIII മാതൃകയിൽ തയ്യാറാക്കിയ അധികാര പത്രവും പ്രവേശനത്തിനുവേണ്ട സർട്ടിഫിക്കറ്റുകളുടെ അസ്സലും |
| 14 | ശ്രവണ വൈകല്യമുള്ളവരുടെ പ്രത്യേക ബാച്ച് | a) നിബന്ധന 5.5.1 ൽ നിഷ്കർഷിക്കുന്ന മെഡിക്കൽ ബോർഡ് പുറപ്പെടുവിച്ച സർട്ടിഫിക്കറ്റ്<br>b) അസി.സർജനിൽ കുറയാത്ത റാങ്കുള്ള സർക്കാർ മെഡിക്കൽ ആഫീസർ പോളിടെക്നിക് കോളേജിലെ അപേക്ഷകൻ തിരഞ്ഞെടുത്ത പ്രോഗ്രാം പൂർത്തിയാക്കുന്നതിനുള്ള കായിക ക്ഷമത ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തിയ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് |

| | | |
|---|---|---|
| 15 | വിദ്യാഭ്യാസ ഫീസ് ഇളവിന് | 1. കുടുംബത്തിന്റെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയോ അതിൽ താഴെയോ ആണെന്നോ അല്ലെങ്കിൽ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന പരിധിക്കുള്ളിലാണെന്ന് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വരുമാന സർട്ടിഫിക്കറ്റ്<br>2. സാധുവായ ജാതി സർട്ടിഫിക്കറ്റ് |

*കുറിപ്പ്: 1 പ്രവേശനത്തിന് ആധാർ കാർഡ് ഹാജരാക്കേണ്ടതാണ്.*

*2. സർട്ടിഫിക്കറ്റിന്റെയോ രേഖകളുടേയോ അസ്സൽ ഹാജരാക്കുന്നതിന് പ്രവേശനത്തിന് ശേഷം അവസരം നൽകുന്നതല്ല.*

## 13. ഫീസ്:

13.1 സർക്കാർ/സർക്കാർ എയ്ഡഡ് പോളിടെക്നിക് കോളേജുകളിലെ ഫീസ് വിശദാംശങ്ങൾക്കായി ഇംഗ്ലീഷിലുള്ള പ്രോസ്പക്ടസിന്റെ 13.1 നിബന്ധന കാണുക.

13.2 സർക്കാർ നിയന്ത്രിത സ്വാശ്രയ പോളിടെക്നിക് കോളേജ് (IHRD) ഫീസ് വിശദാംശങ്ങൾക്കായി ഇംഗ്ലീഷിലുള്ള പ്രോസ്പക്ടസിന്റെ നിബന്ധന 13.2 കാണുക.

13.3 സ്വാശ്രയ പോളിടെക്നിക് കോളേജിലെ മാനേജ്മെന്റ് സീറ്റിലേയും സർക്കാർ സീറ്റിലേയും ഫീസ് വിശദാംശങ്ങൾക്ക് ഇംഗ്ലീഷിലുള്ള പ്രോസ്പക്ടസിന്റെ നിബന്ധന 13.3 കാണുക.

*കുറിപ്പ്: സ്വാശ്രയ പോളിടെക്നിക് കോളേജുകളിലെ* സർക്കാർ *സീറ്റിൽ കേന്ദ്രീകൃത അലോട്ട്മെന്റ് വഴി പ്രവേശനം ലഭിച്ച പട്ടികജാതി - പട്ടികവർഗ്ഗ അപേക്ഷകർക്ക് സർക്കാർ ഉത്തരവുപ്രകാരമുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. എന്നാൽ സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ട വഴി പ്രവേശനം നേടിയ പട്ടികജാതി – പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേൽ സൂചിപ്പിച്ച വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.*

13.4 സർക്കാർ/സർക്കാർ എയ്ഡഡ് പോളിടെക്നിക് കോളേജുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് ജാതിയുടേയോ സമുദായത്തിന്റേയോ പരിഗണന കൂടാതെ കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയ്ക്ക് താഴെയാണെങ്കിൽ യുക്തമായ ഫീസ് ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും. അത്തരം അപേക്ഷകർ വരുമാന സർട്ടിഫിക്കറ്റും സമുദായ സർട്ടിഫിക്കറ്റും പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്.

13.5 ട്യൂഷൻ ഫീ വേവർ സ്കീം പ്രകാരം തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളെ ട്യൂഷൻ ഫീസ് അടക്കുന്നതിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. മേൽ വിഭാഗം വിദ്യാർത്ഥികൾ ഫീസിളവിന് അർഹരല്ലെങ്കിൽ ട്യൂഷൻ ഫീസ് ഒഴിച്ചുള്ള മറ്റെല്ലാ ഫീസും അടക്കേണ്ടതാണ്. റ്റ്യൂഷൻ ഫീ വേവർ സ്കീമിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥി ഉയർന്ന ഓപ്ഷൻ ലഭ്യമായതിനാൽ മറ്റൊരു സ്കീം

പ്രകാരം പ്രവേശനം സ്വീകരിക്കുകയാണെങ്കിൽ പുതിയ സ്കീമിന് ബാധകമായ ഫീസ് ഒടുക്കാൻ ബാദ്ധ്യതയുണ്ട്.

13.7 ഡിപ്ലോമ യോഗ്യതയുള്ളവർക്കോ ഡിപ്ലോമ പ്രോഗ്രാം അവസാന സെമസ്റ്റർ പരീക്ഷയ്ക്ക് യോഗ്യരായവർക്കോ അവർ പഠിച്ച അതേ ഡിപ്ലോമ പ്രോഗ്രാമിന് വീണ്ടും പ്രവേശനം നൽകുന്നതല്ല. എന്നാൽ വ്യത്യസ്ത പ്രോഗ്രാമിലേക്കുള്ള പ്രവേശനത്തിന് തിരഞ്ഞെടുക്കുകയാണെങ്കിൽ വാർഷിക ട്യൂഷൻ ഫീസായ 25000/- രൂപ അടക്കേണ്ടതാണ്. ഈ വിധം തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഏതെങ്കിലും കോഴ്സ് ഏതെങ്കിലും സെമസ്റ്ററിൽ ഹാജരാകുന്നതിൽ നിന്ന് ഒഴിവാക്കി നൽകുന്നതല്ല.

13.8 പോളിടെക്നിക് കോളേജുകളിൽ പ്രവേശനം നേടിയ ശേഷം പിന്നീട് ക്ലാസ്സിൽ ഹാജരായോ ഹാജരാവാതെയോ പഠനം അവസാനിപ്പിച്ചാൽ പ്രവേശനം ലഭിച്ച സെമസ്റ്റർ മുതൽ പഠനം അവസാനിപ്പിച്ച സെമസ്റ്റർ വരെയുള്ള കാലയളവിലെ മുഴുവൻ ഫീസും അടക്കാൻ ബാദ്ധ്യസ്ഥനാണ്.

13.9 ഈ പ്രോസ്പെക്ടസിൽ പ്രത്യേകം പരാമർശിക്കാത്ത ഏതെങ്കിലും വിഷയങ്ങൾ ഉയർന്നു വരികയാണെങ്കിൽ ഇതു സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ തീരുമാനം അന്തിമവും ഏവർക്കും ബാധകവുമായിരിക്കും.